# സമന്വയ

അതിരൂപതാ ബുള്ളറ്റിൻ

## തിരുവനന്തപുരം ലത്തീൻ അതിരൂപത, വെള്ളയമ്പലം.

പുസ്തകം 24 മാർച്ച് 2019 ലക്കം 3

*രക്ഷാധികാരികൾ*
മോസ്റ്റ് റവ. ഡോ. സൂസപാക്യം, എം.
റൈറ്റ്. റവ. ഡോ. ക്രിസ്തുദാസ് ആർ.
*പത്രാധിപർ*
റവ.ഡോ.മൈക്കിൾ തോമസ്
*പത്രാധിപ സമിതി*
റവ. ഡോ. എഡിസൺ വൈ.എം
റവ. ഫാ. ജൂഡിറ്റ് പയസ് ലോറൻസ്
റവ. ഡോ. ഡൈസൺ വൈ.
റവ. ഡോ. ലോറൻസ് കുലാസ്
റവ. ഫാ. എ.ആർ ജോൺ
റവ. ഫാ. ലെനിൻ രാജ്
റവ. ഫാ. ലെനിൻ ഫെർണാണ്ടസ്
റവ. ഫാ. ടോണി ഹാംലെറ്റ്
റവ. ഫാ. ഷാജൻ ജോസ്
*കവർ & ലേ-ഔട്ട്*
റവ.ഫാ.സുരേഷ്പയസ്

ലാറ്റിൻ ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, കവടിയാർ പി. ഒ.
തിരുവനന്തപുരം - 695 003
ഫോൺ : 0471 - 2724001
ഫാക്സ് : 0471 - 2725001

### താളുകളിൽ

❖ നോമ്പ് - വിദ്യാഭ്യാസം - വാർഷികപദ്ധതി (എഡിറ്റോറിയൽ)
❖ ആർച്ച്ബിഷപ്സ് ഡയറി - മാർച്ച്
❖ ബിഷപ്സ് ഡയറി - മാർച്ച്
❖ ചാൻസലറുടെ ഓഫീസിൽ നിന്ന്
❖ മെട്രോപ്പോലീറ്റൻ ട്രൈബ്യൂണൽ
❖ ബിസിസി
❖ അജപാലന ശുശ്രൂഷ
❖ കുടുംബപ്രേഷിത ശുശ്രൂഷ
❖ യുവജന ശുശ്രൂഷ
❖ വിദ്യാഭ്യാസ ശുശ്രൂഷ
❖ സാമൂഹ്യ ശുശ്രൂഷ
❖ മത്സ്യമേഖല ശുശ്രൂഷ

എഡിറ്റോറിയൽ

# നോമ്പ് – വിദ്യാഭ്യാസം – വാർഷിക പദ്ധതി

2019 മാർച്ച് മാസം നമ്മെ സംബന്ധിച്ചിടത്തോളം ഏറെ നിർണ്ണായകവും സവിശേഷവുമായൊരു മാസമാണ്. വിശ്വാസതലത്തിൽ നിന്നുകൊണ്ട് വീക്ഷിക്കുമ്പോൾ ആരാധനവത്സരത്തിലെ ഏറെ പ്രധാനപ്പെട്ട തപസുകാലത്തിന് തുടക്കം കുറിക്കുകയാണ്. ക്ഷാരബുധൻ വൈദികൻ നമ്മുടെ നെറ്റിത്തടങ്ങളിൽ ചാരം പൂശികൊണ്ട് "മനുഷ്യാ നീ പൊടിയാകുന്നു, പൊടിയിലേക്ക് പിന്തിരിയും ന്യൂനം" എന്ന ജീവിത യാഥാർത്ഥ്യം നമ്മെ അനുസ്മരിപ്പിച്ചുകൊണ്ടാണ് നോമ്പുകാലത്തിന് തുടക്കം കുറിക്കുന്നത്. മനുഷ്യജീവിതം ഏറെ ക്ഷണികമാണെന്നും, അതിനാൽ അഹന്തയോടും സ്വാർത്ഥതയോടും നിരർത്ഥകമായി വ്യയം ചെയ്യേണ്ടതല്ല. പ്രത്യുത, ഉപവാസം, പ്രാർത്ഥന, ദാനധർമ്മം എന്നീ പുണ്യാഭ്യാസങ്ങളിലൂടെ പരോപകാരപൂർണ്ണവും ദൈവിക സംപ്രീതവുമാക്കിത്തീർക്കണമെന്ന ഓർമ്മപ്പെടുത്തലാണ് തപസുകാലം. ആരാധന ക്രമത്തിലെ തന്നെ ഏറ്റവും സുപ്രധാന ആഘോഷമായ യേശുവിന്റെ ഉത്ഥാന മഹോത്സവത്തിന് നമ്മെ യോഗ്യതയോടെ ഒരുക്കുന്ന ദിനങ്ങളാണ് നോമ്പുകാലം. ജീവിതത്തിലെ പ്രതിസന്ധി ഘട്ടങ്ങളിൽ തളരാതെ, നിരാശരായി പിൻമാറാതെ ത്യാഗോജ്ജ്വലമായ ജീവിതത്തിലൂടെ പ്രത്യാശയുടെ പൊൻപുലരിക്കായ് പ്രയത്നിക്കണമെന്ന സന്ദേശമാണ് തപസുകാലം നമുക്ക് നൽകുന്നത്.

വിദ്യാഭ്യാസപരമായി നോക്കുമ്പോൾ മാർച്ച് മാസം വാർഷിക പരീക്ഷയുടെ നാളുകളാണ്. കാലാവസ്ഥയുടെ ചൂടും പരീക്ഷാ ചൂടും കൂടിയാകുമ്പോൾ പല കുടുംബങ്ങളിലും മാനസിക പിരിമുറുക്കവും അസ്വസ്ഥതയും കൂടാൻ സാധ്യത ഏറെയുള്ള ദിനങ്ങൾ. അതിനാൽ തന്നെ പ്രത്യേക ശ്രദ്ധയും കരുതലുമുണ്ടാകണം. ലക്ഷ്യബോധത്തോടെയുള്ള കഠിനാദ്ധ്വാനവും ദൈവീക കൃപയും ഒത്തുചേരുമ്പോൾ വിജയം സുനിശ്ചിതം. പരീക്ഷാദിനങ്ങൾ പരസ്പരം മാനസികാസ്വസ്ഥതയും പിരിമുറുക്കവും നൽകുന്നതാകാതെ, ആസ്വാദ്യവും അച്ചടക്കപൂർണ്ണവുമായ പഠനത്തിലൂടെയും ദൈവാശ്രയബോധത്തോടുകൂടിയുള്ള പരീക്ഷകളിലൂടെയും സന്തോഷകരവും ആത്മനിർവൃതിയേകുന്നതുമാക്കാം.





നമ്മുടെ അതിരൂപതയെ സംബന്ധിച്ചിടത്തോളം ഈ മാസം ഒരു വർഷത്തെ കർമ്മ പദ്ധതികളുടെ വിലയിരുത്തലിന്റെയും പുതിയൊരു വർഷത്തേക്കുള്ള പ്രവർത്തനങ്ങളുടെ ആസൂത്രണത്തിന്റെയും നാളുകളാണ്. 2018-19 പദ്ധതി വർഷം മുതൽ നമ്മുടെ അതിരൂപതയിൽ ഇടവക-ഫൊറോന-അതിരൂപതാ തലങ്ങളിലായി ഭരണ-ശുശ്രൂഷാ നിർവ്വഹണത്തിൽ വികേന്ദ്രീകരണം ഉറപ്പുവരുത്തണമെന്ന ആഗ്രഹത്തോടുകൂടിയാണ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തത്. ആശയപരമായ ചില അവ്യക്തതകളുണ്ടായിരുന്നുവെങ്കിലും ഉത്തരവാദിത്തപ്പെട്ടവരിൽ നല്ലൊരു ശതമാനവും വികേന്ദ്രീകരണ പ്രവർത്തനങ്ങളുടെ നന്മയുൾക്കൊണ്ട്കൊണ്ട് അത് നടപ്പിലാക്കാൻ താല്പര്യം കാണിച്ചവരായിരുന്നു.

പുതിയൊരു പദ്ധതി വർഷത്തേക്കുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുമ്പോൾ അതിന് മുന്നോടിയായി നടപ്പു വർഷത്തെ പ്രവർത്തനങ്ങൾ സത്യസന്ധതയോടെ വിലയിരുത്തപ്പെടണം. വികേന്ദ്രീകരണ പ്രവർത്തനശൈലി ശരിയായ അർത്ഥത്തിൽ മനസിലാക്കിക്കൊണ്ട്, പ്രത്യേക ശ്രദ്ധയും പരിഗണനയും അർഹിക്കുന്ന പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകുവാൻ നമുക്ക് സാധിക്കണം. അങ്ങനെ കുരിശിന്റെ ശരിയായ ആത്മീയത മനസിലാക്കി സ്വന്തം വിശുദ്ധീകരണത്തിലൂടെയും പരിത്യാഗപ്രവർത്തനങ്ങളിലൂടെയും നോമ്പുകാലം അനുഗ്രഹപൂർണ്ണമാക്കാം! കഠിനാദ്ധ്വാനത്തിലൂടെ ദൈവാശ്രയത്തിലൂടെ പരീക്ഷാക്കാലം ഫലദായകമാക്കാം! ദീർഘവീക്ഷണത്തോടും കൂട്ടുത്തരവാദിത്തോടും കൂടി വികേന്ദ്രീകൃത പദ്ധതി ആസൂത്രണവും നടത്തിപ്പും കാര്യക്ഷമമാക്കാം!

ഏവർക്കും തപസുകാലത്തിന്റെ അനുഗ്രഹവും പരീക്ഷാർത്ഥികൾക്ക് വിജയാശംസകളും നേരുന്നു.

**ഫാ. മൈക്കിൾ തോമസ്**
എഡിറ്റർ.

## ARCHBISHOP'S DIARY, MARCH 2019

| | | | |
|---|---|---|---|
| 02 | SAT | 03.00 pm | Fisheries Ministry Inauguration |
| 03 | SUN | 11.00 am | Health Packages for Fishermen Rescue Team |
| | | 05.30 pm | Feast Day Eucharistic Celebration,Vallavilai |
| 04 | MON | | ***FORANE VISIT – PUTHUKKURICHY*** |
| 05 | TUE | 10.30 am | Central Planning and Evaluation Committee Meeting |
| 06 | WED | 06.30 am | ASH WEDNESDAY, Vellayambalam |
| 07 | THU | | ***FORANE VISIT – PALAYAM*** |
| 09 | SAT & 10 SUN | | Nuncio's Visit to our Diocese |
| 13 | WED | 12.00 pm | Holy Mass, Pangode |
| | | 05.30 pm | Jubilee Hospital, MC Meeting |
| 14 | THU | | ***FORANE VISIT – THOOTHOOR*** |
| 15 | FRI | 11.00 am | Theology and Bible Course Certificate Distribution |
| 16 | SAT | 10.00 pm | Archdiocesan Pastoral Council & Senate Joint Meeting |
| 17 | SUN | 07.30 am | Home Mission Conclusion, Puthiyathura |





| | | | |
|---|---|---|---|
| 18 | MON | | ***FORANE VISIT – KOVALAM*** |
| 19 | TUE | 05.30 pm | Feast Day Eucharistic Celebration, Palayam |
| 20 | WED | | ***FORANE VISIT – PULLUVILA*** |
| 23 | SAT | 10.30 am | KRLCC Executive Meeting, Ernakulam |
| 24 | SUN | 07.30 am | PASTORAL VISIT, AZHAKULAM |
| 25 | MON | 10.30 am | First Profession, Handmaid of Hope Sisters, Vettuthura |
| 31 | SUN | 07.30 am | PASTORAL VISIT, Nanthancode |

**Fr. Shynish Bosco**
Secretary to Archbishop

## AUXILIARY BISHOP'S DIARY, MARCH 2019

| | | | |
|---|---|---|---|
| 01 | FRI | 06.00 pm | Feast Day Eucharistic Celebration, Kamukincode |
| 03 | SUN | 02.30 pm | Ministries Orientation Programme, Murukampuzha |
| 04 | MON | | ***FORANE VISIT – PUTHUKKURICHY*** |
| 05 | TUE | 10.30 am | Central Planning and Evaluation Committee Meeting |
| 06 | WED | 06.30 am | ASH WEDNESDAY, Vellayambalam |
| 07 | THU | | ***FORANE VISIT – PALAYAM*** |
| 09 | SAT & 10 SUN | | Nuncio's Visit to our Diocese |
| 13 | WED | 05.30 pm | Jubilee Hospital, MC Meeting |
| 14 | THU | | ***FORANE VISIT – THOOTHOOR*** |
| 16 | SAT | 10.00 pm | Archdiocesan Pastoral Council & Senate Joint Meeting |
| 18 | MON | | ***FORANE VISIT – KOVALAM*** |
| 19 | TUE | 10.00 am | Feast Day Eucharistic Celebration, Puthiyathura |
| 20 | WED | | ***FORANE VISIT – PULLUVILA*** |
| 25 | MON | 10.30 am | First Profession, Handmaid of Hope Sisters, Vettuthura |

**Fr. Shynish Bosco**

Secretary to Archbishop





# MARCH 2019

## A.BIRTHDAY & FEAST DAY OF OUR ARCHBISHOP

11th March is the Birthday and 19th March is the Feast day of His Grace our Archbishop Most Rev. Dr. Soosa Pakiam M. Reverend Parish Priests are requested to kindly add special intention for the Archbishop in the prayer of the faithful during Holy Eucharist and to exhort the faithful to offer their family prayers for our Archbishop during these days in a special way.

## B. BIRTHDAYS

| | |
|---|---|
| 1. Rev. Fr. Thadayoose Philip | 03.03.1975 |
| 2. Rev. Fr. M. Devadoss, S.J. | 03.03.1946 |
| 3. Rev. Fr. Shynish Bosco | 06.03.1986 |
| 4. Rev Fr. PresanthMariadasanIVDei | 09.03.1989 |
| 5. Rev Fr. AntoJoris | 10.03.1970 |
| 6. H.G. Archbishop Soosa Pakiam M. | 11.03.1946 |
| 7. Very Rev. Fr. Joseph Bastin | 13.03.1966 |
| 8. Rev. Dr. Charles Leon | 15.03.1961 |
| 9. Rev. Fr. MuthappanAppoli | 16.03.1980 |
| 10. Rev Fr. Vallocheril George Sebastian S.J | 17.03.1953 |
| 11. Rev. Fr. Tony Hamlet | 21.03.1976 |
| 12. Very Rev. Msgr. Wilfred E. | 22.03.1960 |
| 13. Rev Fr.MuthappanBeneet OCD | 22.03.1988 |
| 14. Very Rev. Fr. Tommy Philip SAC | 23.03.1974 |
| 15. Rev. Fr. TubyKunnath CMF | 24.03.1986 |
| 16. Rev. Fr. John Bosco J | 25.03.1972 |
| 17. Rev. Fr. Paul Sunny | 28.03.1978 |
| 18. Rev.Fr. Joseph AnoojPanckal OSJ | 31.03.1982 |

## C.ORDINATION DAYS

| | |
|---|---|
| 1. Rev. Fr.Anish Fernandez | 03.03.2005 |
| 2. Rev. Fr. Joseph R.D'Silva | 11.03.1967 |
| 3. Very Rev.Fr.Bernardine M.Louis.OCD | 14.03.1965 |
| 4. Rev. Fr.Sebastian C. Pereira | 15.03.1952 |
| 5. Rev. Fr. Antony Sylvester | 15.03.1978 |
| 6. Rev. Fr.Maria Dominic Z | 15.03.1978 |
| 7. Rev. Dr. Elias D | 16.03.1963 |
| 8. Rev. Fr.Joseph Maria B.D. | 17.03.1962 |
| 9. Rev. Fr. Francis D'Silva | 18.03.1955 |
| 10. Rev Fr. Thottakath James SJ | 27.03.1971 |
| 11. Rev. Fr. JohnyPuthenveettil IV Dei | 27.03.2008 |
| 12. Rev. Fr. Victor J. Everystus IV Dei | 27.03.2008 |
| 13. Rev. Fr. Lenin Antony PuthenveetilIVDei | 30.03.2016 |
| 14. Rev. Fr. Ashlin Jose | 31.03.2008 |
| 15. Rev. Fr. Cleetus Vincent | 31.03.2005 |
| 16. Rev. Fr. Joseph Prasad G | 31.03.2005 |
| 17. Rev. Fr.Lenin Fernandez | 31.03.2005 |
| 18. Rev. Fr.Pratheeb Joseph | 31.03.2005 |
| 19. Rev. Fr.Sanu Ouseph | 31.03.2005 |
| 20. Rev. Fr.Thadayoose Philip | 31.03.2005 |
| 21. Rev. Fr. Cosmas K. Thoppil | 31.03.2008 |
| 22. Rev. Fr. Jose Franklin B | 31.03.2008 |
| 23. Rev. Fr. Joy C. Mathew | 31.03.2008 |
| 24. Rev. Fr. Michael Albino | 31.03.2008 |
| 25. Rev. Fr. Saju Roldon | 31.03.2008 |
| 26. Rev. Fr. Shaji Silva | 31.03.2008 |
| 27. Rev. Fr. Solomon Elias Aresseril | 31.03.2008 |
| 28. Rev.Fr. Thomas R | 31.03.2008 |
| 29. Rev. Fr. Yesudas Remias | 31.03.2008 |
| 30. Rev. Fr. Paul Sunny | 31.03.2008 |
| 31. Rev. Fr. Anto Baiju Y | 31.03.2016 |





| | |
|---|---|
| 32. Rev. Fr. Fredy Joy | 31.03.2016 |
| 33. Rev. Fr. Niju Ajith | 31.03.2016 |
| 34. Rev. Fr. Nishan N | 31.03.2016 |
| 35. Rev. Fr.Saneesh S.M | 31.03.2016 |
| 36. Rev. Fr.Thadeus Arulappan | 31.03.2016 |

## D. DECEASED PRIESTS

| | |
|---|---|
| 1. Rev. Fr. Solomon D' Silva | 01.03.1958 |
| 2. Rev. Fr. Joseph Chiramel | 03.03.1968 |
| 3. Rev. Fr. Dominic V.S. | 07.03.1953 |
| 4. Rev. Fr. S. S. Netto | 09.03.1966 |
| 5. Rev. Fr. Xavier Alexander | 16.03.2014 |
| 6. Rev. Fr. Michael Albino | 16.03.2015 |
| 7. Rev. Fr. Joseph Pereira | 28.03.1959 |
| 8. Rev. Fr. Martin Fernandez | 25.03.1993 |
| 9. Rev. Fr. John Pereira | 12.03.1942 |

## E.PERPETUAL DAY ADORATION

| | |
|---|---|
| 1. St. Bartholomew's Church, Poovar | 06.03.2019 |
| 2. Holy Cross Sisters, Thycaud | 22.03.2019 |
| 3. St. Peter's Church, Anjengo | 25.03.2019 |

**Standing committee members of DPC**

**ADPC Standing Committee**

Most Rev. Dr. Soosa Pakiam M(President) Most. Rev. Dr. Christudas R, (Vice President) Prof.Varghese (Vice President) Dr. Cinthya Christopher (Secretary) Shri. Derance Hillary, (Joint Secretary) Rev Fr. Judit Pious Lawrence (Treasurer)

**Executive (steering) Committee Members:** Shri. Jose Mesmin (Men Representative), Smt. Eugine Paul (Women Representative),

Very Rev. Msgr. Joseph C., Rev. Dr. Hyacinth M. Nayakam (Diocesan Priests Representatives), Very Rev Fr. Varghese John Puthengadysdb (Men Religious Priest Representative), Rev. Sr. Leena, Valiyaveli(Women Religious Representative), Mr.Jerald (Anjengo), Smt.Sheela Frederic(Kazhakuttom),Mr.John (Kovalam), Mr.Antony Albert (PalayamForane),Mr.Vijaya Kumar (Pettah Forane) Mr.Kennedy L (Pulluvila) Mr.Rudolf Fernandez (Puthukurichy) Mr.Dileep.(Thothoor), Smt.Lucy John(Valiathura)





**Metropolitan Tribunal News**
**February-2019**

Number of Cases at the beginning of 2019 February - 234
Received Cases in the Month of February - 012

Total = 246

Decreed Case - 03
Reconciled - 02

Balance Cases = 246-05 = 241

***Decreed Cases : 03***

1. Case No: MTLAT/46/2013 between Ramesh Alex and Margaret
2. Case No: MTLAT/73/2017 between Roshini Augustine and Ajith Rose
3. Case No: MTLAT/101/2016 between Nisha Sylvester and Nishad (Dominic)

**Fr. Jose G.**
Judicial Vicar

# ബിസിസി

## അതിരൂപതാതലം

**1. ഫെറോന ബിസിസി ആനിമേറ്റർമാരുടെ യോഗം**

ജനുവരി 29-ാം തീയതി രാവിലെ 10.30 മണിക്ക് ബിസിസി ഫെറോന ആനിമേറ്റർമാരുടെ യോഗം കൂടി. ഇലക്ഷനെക്കുറിച്ചുള്ള വിലയിരുത്തലുകളാണ് മുഖ്യ അജണ്ട.

**2. വൈദിക കോർഡിനേറ്റർമാരുടെ യോഗം**

ജനുവരി 29-ാം തീയതി ഉച്ചക്ക് 2 മണിക്ക് ഫെറോന വൈദിക കോർഡിനേറ്റർമാരുടെ യോഗം കൂടി. ഇലക്ഷന്റെ നടത്തിപ്പിനെ കുറിച്ചായിരുന്നു പ്രധാന ചർച്ചയ എല്ലാ ഇടവകകളിലും ഇലക്ഷൻ നടന്നതായി വൈദികർ റിപ്പോർട്ട് ചെയ്തു. ഓറിയന്റേഷൻ ക്ലാസിന് സമയം ദൈർഘ്യം കൂട്ടണമെന്ന് അവർ ആവശ്യപ്പെട്ടു.

**3. ബിസിസി കമ്മിഷൻ യോഗം**

ഫെബ്രുവരി 8-ാം തീയതി ഉച്ചക്ക് 2.30 മണിക്ക് രൂപതാ ബിസിസി കമ്മിഷൻ യോഗം കൂടി. അതിരൂപതാ ബിസിസി കമ്മിഷൻ എക്സിക്യൂട്ടീവ്മാരെ തെരഞ്ഞെടുത്തു. ഫാ.മൈക്കിൾ തോമസ്, ഫാ. സുരേഷ്പയസ് ഔദ്യോഗിക ഭാരവാഹികൾ ഫാ.തോമസ് നെറ്റോ സെനറ്റ് പ്രതിനിധി ശ്രീ.ജോണി അതിരൂപതാ പാസ്റ്ററൽ കൗൺസിൽ പ്രതിനിധി ഫാ.ലാസർ ബെനഡിക്ട് ഫെറോന വൈദിക പ്രതിനിധി ആഗ്നസ് ഫെറോന ആനിമേറ്റർ പ്രതിനിധി സി.ലിസ ഫെറോന ജോയിന്റ് കോർഡിനേറ്റർ പ്രതിനിധി ശ്രീ.സുരേഷ് ഫെറോന സെക്രട്ടറി പ്രതിനിധി എന്നിവരെ തിരഞ്ഞെടുത്തു.





**4. രൂപതാ റിസോഴ്സ് അംഗങ്ങളുടെ യോഗം**

ഫെബ്രുവരി 12-ാം തീയതി ഉച്ചക്ക് 2 മണിക്ക് രൂപതാ റിസോഴ്സ് അംഗങ്ങളുടെ യോഗം കൂടി. യോഗത്തിൽ 15 പേർ പങ്കെടുത്തു. മുഖ്യ അജണ്ട ലത്തീൻ അതിരൂപതയുടെ വികസനം വിദ്യാഭ്യാസത്തിലൂടെ.

## അഞ്ചുതെങ്ങ് ഫെറോന

**ഇടവകതലം:**

**അരയതുരുത്തി:** ജനുവരി 19-ാം തീയതി എല്ലാ യൂണിറ്റിലെ കാൻസർ രോഗികൾക്കും കിടപ്പുരോഗികൾക്കും ഇടവക വികാരിയുടെ നേതൃത്വത്തിൽ ആസ്ട്രേലിയയിലെ സിഡ്നിയിൽ പ്രവർത്തിക്കുന്ന ജപമാല സംഘടനവഴി ചെറിയ ഒരു ധനസഹായം ചെയ്തു. ജനുവരി 20-ാം തീയതി സെന്റ് സെബാസ്റ്റ്യൻ യൂണിറ്റിന്റേയും, ഫെബ്രുവരി 10-ാം തീയതി ലൂർദ്ദ്മാതാ യൂണിറ്റിന്റേയും വാർഷികം ആഘോഷിച്ചു.

ആറ്റിങ്ങൽ: ജനുവരി 18 മുതൽ 25 വരെ സഭൈക്യവാരം ആഘോഷിച്ചു. നല്ലിടയൻ ദൈവാലയവും, സി.എസ്.ഐ ചർച്ചും, സീറോ മലബാർ സെന്റ് ജൂഡ് ദൈവാലയവും ഇതിൽ പങ്കെടുത്തു, വെന്നിക്കോട്: താന്നിമൂട്ടിൽ പുതിയ ഒരു കുടുംബയൂണിറ്റ് രൂപീകരിച്ചു. സെന്റ് മേരീസ് എന്ന് പേര് നല്കി. ഫെബ്രുവരി 17-ാം തീയതി അതിന്റെ ആദ്യത്തെ ബിസിസി കൂട്ടായ്മ നല്കി.

**ഫാ. ബിജിൻ** — **സി.ജനറ്റ് റോച്ച**

കോഓർഡിനേറ്റർ — ആനിമേറ്റർ

## പുതുക്കുറിച്ചി ഫെറോന

2019-20 കാലയളവിലേക്കുള്ള ബിസിസി ഫെറോനതല

കമ്മീഷൻ മീറ്റിംഗ് 24-2-2019 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30-ന് മരിയനാട് ഇടവകയിൽ വച്ച് കൂടുകയുണ്ടായി. ബിസിസി കോർഡിനേറ്ററും, സിസ്റ്റർ ആനിമേറ്റേഴ്സും പങ്കെടുത്ത ഈ യോഗത്തിൽ എല്ലാ ഇടവകകളുടെയും പ്രാതിനിധ്യം ഉണ്ടായിരുന്നു. പ്രസ്തുത യോഗത്തിൽ ഫെറോനതല എക്സിക്യൂട്ടീവ് രൂപീകരണവും, വാർഷിക പദ്ധതി രൂപീകരണവും നടന്നു.

**ഫാ. ആഷ്ലിൻ ജോസ്** — **സി.മേരി ഹെലൻ**
കോഓർഡിനേറ്റർ — ആനിമേറ്റർ

**പേട്ട ഫെറോന**

പേട്ട ഫെറോനാ സെന്റർ-പോങ്ങുംമൂട് സെന്റ് മേരീസ് ഇടവക പള്ളി കോമ്പൗണ്ടിൽ ആശീർവദിക്കപ്പെട്ടു. 10-2-2019 ഞായറാഴ്ച വൈകുന്നേരം 4.30-ന് തിരുവനന്തപുരം അതിരൂപതാ മെത്രാപ്പോലീത്താ റൈറ്റ്.റവ.സൂസപാക്യം പിതാവ് ഉദ്ഘാടനം ചെയ്തു. അന്ന് 2-ന് ഫെറോനാതല തെരഞ്ഞെടുപ്പു നടത്തി. ഭാരവാഹികളെ തെരഞ്ഞെടുത്തു.

**പേട്ട ഫെറോനയിലെ പ്രവർത്തനങ്ങൾ:**

**മുട്ടട: ഹോളിക്രോസ് ദേവാലയം:** ജനുവരി 27-ാം തീയതി രാവിലെ 8.30 മണിക്ക് ജനറൽബോഡി വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ നടന്നു. പ്ലാൻ & ബഡ്ജറ്റിനെക്കുറിച്ചുള്ള 6 ശുശ്രൂഷകളും പ്രത്യേകം ചർച്ചകൾ നടത്തി.

**കുശവർക്കൽ: ചെറുപുഷ്പദേവാലയം:** ജനറൽബോഡി കഴിഞ്ഞു. പ്ലാൻ & ബഡ്ജറ്റ് ആന്റ് പ്ലാനിങ് ചർച്ച ചെയ്തു. പുതിയ ക്രമീകരണം വരണമെന്നു തീരുമാനിച്ചു. പള്ളിപ്പണി പുരോഗമിക്കുന്നു.





**കുന്നുംപുറം:** നിത്യസഹായമാതാ ദേവാലയം: 20-1-2019-ൽ ജനറൽബോഡി വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ നടന്നു. ബിസിസികളുടെ ശാക്തീകരണമായിരുന്നു പ്രധാന ചർച്ച.

**മൺവിള ചെറുപുഷ്പദേവാലയം:** എല്ലാ ശുശ്രൂഷാ കൺവീനർമാരും ഈ വർഷത്തെ ബഡ്ജറ്റ് ആന്റ് പ്ലാൻ ഉണ്ടാക്കി പാരിഷ് കൗൺസിലിനു നല്കി.

**ശ്രീകാര്യം:** സെന്റ് ക്രിസ്റ്റഫർ ദേവാലയം: ജനറൽബോഡി യോഗം കഴിഞ്ഞു. ബഡ്ജറ്റ് ആന്റ് പ്ലാൻ തയ്യാറെടുപ്പുകൾ നടക്കുന്നു.

**വികാസ് നഗർ:** സെന്റ് ജോസഫ്സ് ദേവാലയം: ജനറൽബോഡി യോഗം നടന്നു. പഴയ ഇടവക കമ്മിറ്റി അംഗങ്ങൾക്കു നന്ദിയർപ്പിച്ചു. 9-2-2019-ൽ ലൂർദ്ദ്മാതാവിന്റെ തിരുനാൾ യൂണിറ്റ് തലത്തിൽ ആഘോഷിച്ചു.

**പുല്ലുകാട് അമലോത്ഭവ മാതാ ദേവാലയം:** 17-2-2019-ൽ ദിവ്യബലിക്കുശേഷം ബിസിസി യോഗം നടന്നു.

**ചെറുവയ്ക്കൽ വേളാങ്കണ്ണിമാതാ ദേവാലയം:** 10-2-2019-ൽ ജനറൽബോഡി യോഗം നടന്നു. പ്ലാൻ ആന്റ് ബഡ്ജറ്റ് തയ്യാറാക്കുന്നു. രണ്ടുപേർക്ക് ആയിരം രൂപ വീതം സഹായം നൽകി. രോഗീ സന്ദർശനം നടത്തി. രണ്ടായിരം രൂപ ധനസഹായം നല്കി.

**പോങ്ങുംമൂട് സെന്റ് മേരീസ് ദേവാലയം:** 27-1-2019-ൽ ജനറൽബോഡി കൂടി. ബിസിസിയെ ശക്തിപ്പെടുത്തുക, ഇതിനായി ലീഡേഴ്സും കോർഡിനേറ്ററും ചേർന്ന് ഭവനങ്ങൾ സന്ദർശിക്കുന്നു. പ്ലാൻ ആന്റ് ബഡ്ജറ്റ് ഒരുക്കുന്നു. കുട്ടികളെ യൂണിറ്റ് യോഗങ്ങളിൽ പങ്കെടുപ്പിക്കാനുള്ള ബോധവൽക്കരണം നടക്കുന്നു.

**കുമാരപുരം** വിശുദ്ധ പത്താം പീയൂസ് ദേവാലയം: ജനറൽബോഡി

യോഗം നടന്നു. പ്ലാൻ ആന്റ് ബഡ്ജറ്റ് ഒരുക്കുന്നു.

**പുഷ്പഗിരി ചെറുപുഷ്പദേവാലയം:** യൂണിറ്റുകളിൽ കുട്ടികൾക്കായ് വചനക്വിസ് നടത്തുകയും സമ്മാനമായി ക്യാഷ് അവാർഡ് നല്കുകയും ചെയ്യുന്നു.

**പേട്ട സെന്റ് ആൻസ് ദേവാലയം:** 27-1-2019-ൽ ജനറൽബോഡി നടന്നു. പ്ലാൻ ആൻഡ് ബഡ്ജറ്റ് എങ്ങനെ ഒരുക്കണമെന്നുള്ള ഒരു ക്ലാസ്സ് കഴക്കൂട്ടം ബിസിസി ആനിമേറ്റർ ശ്രീ. ഫ്രെഡറിക് നല്കി.

**ഫാ. മനീഷ് പീറ്റർ** — **ആഗസ് ബാബു**

കോഓർഡിനേറ്റർ — ആനിമേറ്റർ

## കഴക്കൂട്ടം ഫെറോന

ഇടവകതലത്തിൽ എല്ലാ യൂണിറ്റ് യോഗങ്ങളും നടന്നു. ഫെബ്രുവരി 21-ന് അഭിവന്ദ്യ സൂസപാക്യം മെത്രാപ്പൊലീത്തയും ക്രിസ്തുദാസ് പിതാവും ഫെറോന സന്ദർശനം നടത്തി. ഫെറോനയിലെ വൈദികരുടെയും സന്യസ്തരുമായും അല്മായരുമായും ഫെറോനപ്രവർത്തനങ്ങൾ വിലയിരുത്തുകയും തുടർപ്രവർത്തനങ്ങളുടെ ആശയങ്ങൾ പങ്കുവയ്ക്കുകയും ചെയ്തു. അഭിവന്ദ്യ പിതാക്കന്മാരുടെ സന്ദർശനവേളയിൽ വൈദികരെയും സന്യസ്തരെയും അല്മായരെയും വെവ്വെറെ കാണുകയും ഫെറോനയുടെ സമഗ്രമായ വളർച്ചയെ ലക്ഷ്യം വച്ചുകൊണ്ടുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പിതാക്കന്മാർ ശ്രദ്ധാപൂർവ്വം ശ്രവിക്കുകയും കൂട്ടായ്മ പരിശ്രമത്തോടെ നടത്താൻ ശ്രദ്ധിക്കുമെന്ന് മെത്രാപ്പൊലീത്ത അറിയിക്കുകയും ചെയ്തു. അഭിവന്ദ്യപിതാക്കന്മാരുടെ ഫെറോന തീരുമാനങ്ങളും കൂടിക്കാഴ്ചകളും ഫെറോന പ്രവർത്തനങ്ങളും പുത്തൻ ഉണർവ്വ് നല്കി.





കഴക്കൂട്ടം ഫെറോനയിലെ തെരഞ്ഞെടുക്കപ്പെട്ട എല്ലാ പ്രതിനിധികളുടെയും സംഗമം മാർച്ച് 3-ന് മുരുക്കുംപുഴ ഇടവകയിൽ വച്ചു നടത്തുന്നു. ഫാത്തിമമാതാ കഴക്കൂട്ടം, സെന്റ് ജോസഫ് കഴക്കൂട്ടം, മുരുക്കുംപുഴ കൊയ്ത്തൂർക്കോണം ഇടവകകളിൽ ജനറൽ ബോഡി നടന്നു.

**ഫാ. തോമസ് നെറ്റോ** — **ഫ്രെഡറിക് റ്റി പെരേര**

കോഓർഡിനേറ്റർ — ആനിമേറ്റർ

## പാളയം ഫെറോന

ഫെറോന എക്സിക്യൂട്ടീവ് യോഗം, കമ്മിഷൻ യോഗംഎന്നിവ കൂടി. ജനുവരിയിലെ പ്രവർത്തനം വിലയിരുത്തി, ഫെബ്രുവരിയിലെ പ്രവർത്തനങ്ങൾ പ്ലാൻ ചെയ്തു നടപ്പിലാക്കി. കുടുംബകേന്ദ്രീകൃത അജപാലനം മുഖ്യമായി സ്വീകരിച്ചു. വചനം, കൂദാശകൾ, കുടുംബപ്രാർത്ഥന എന്നിവ അതാതു ശുശ്രൂഷകളുമായി ചേർന്നു പ്രാവർത്തികമാക്കാൻ തീരുമാനിച്ചു.

പൂഴിക്കുന്ന് ഇടവകയിൽ ലീഡേഴ്സിനെ ഉൾപ്പെടുത്തി 3 ദിവസം കുടുംബത്തെ സംബന്ധിച്ച ക്ലാസുകൾ, 3 ദിവസം ദൈവവചന കേന്ദ്രീകൃതക്ലാസ്സുകൾ നടന്നു. ഭവനസന്ദർശനത്തിലൂടെ ലീഡേഴ്സും കോർഡിനേറ്റർമാരുടെ സമിതിയും ചേർന്ന് ഈ സന്ദേശം എത്തിക്കാൻ ശ്രമിച്ചുവരുന്നു. 8 ഇടവകകളിൽ ലീഡേഴ്സ് യോഗം നടന്നു.

## വലിയതുറ ഫെറോന

18-ാം തീയതി കമ്മീഷൻ യോഗം നടന്നു.

**ചെറിയതുറ:** ജനുവരി 13-ാം തീയതി ഇടവകയിലെ ഡീക്കൺ ബെന്നി ഡെന്നീസിന്റെ പൗരോഹിത്യ സ്വീകരണം നടന്നു. ബഹു.സഹായമെത്രാൻ ക്രിസ്തുദാസ് മുഖ്യകാർമികത്വം വഹിച്ചു.

ഇടവകയ്ക്ക് ഒരു പ്രാർത്ഥന മണിക്കൂർ ഇടവകയിലെ മുഴുവൻ കുടുംബങ്ങളും ഒരേ സമയം ജപമാല അർപ്പിക്കുന്നു (7-8) സമ്പൂർണ്ണ ബൈബിൾ പാരായണം - മാതാവിന്റെ കാണിക്ക തിരുനാൾ ദിനത്തോടനുബന്ധിച്ച് ഇവക്ക് തുടക്കം കുറിച്ചു.

**ഫാ. ലാസർ ബെനിക്ട്** **സി.ഹേമ**
കോഓർഡിനേറ്റർ ആനിമേറ്റർ

## കോവളം ഫെറോന

ജനുവരി 27-ാം തീയതി ഫെറോനാ ബിസിസി കമ്മീഷൻ യോഗം കൂടി. മറ്റു ശുശ്രൂഷകളുമായി കൈകോർത്ത് യൂണിറ്റ് പ്രവർത്തനങ്ങളെ ശക്തമാക്കാം എന്നും ചർച്ചകൾ ചെയ്തു. ഇടവക യൂണിറ്റ് കുടുംബങ്ങൾ സന്ദർശിച്ചു. യൂണിറ്റ് യോഗങ്ങളിൽ പങ്കെടുത്തു. ഫെറോനയിലും രൂപതയിലും നടന്ന യോഗങ്ങളിൽ പങ്കെടുത്തു.

**ഫാ. സനീഷ്** **സി.ജമിനി ഏലിയാസ്**
കോഓർഡിനേറ്റർ ആനിമേറ്റർ

## പുല്ലുവിള ഫെറോന

പുല്ലുവിള ഫെറോന ബിസിസി കമ്മീഷന് യോഗം 2019 ഫെബ്രുവരി 9-ാം തീയതി ശനിയാഴ്ച 10 മുതൽ 12 മണി വരെ പുല്ലുവിള ഇടവകയിൽ വെച്ചു നടത്തി. ജോയിന്റ് കോർഡിനേറ്റർ ആയി സി.ഡീന യെ തിരഞ്ഞെടുത്തു. വിവിധ സമിതികൾക്കുള്ള പരിശീലന പരിപാടിയിൽ അതാതു സമിതി അംഗങ്ങൾ പങ്കെടുത്തു, കോർ ടീം നിലവിലുള്ള ഇടവകകളിൽ അവർ യൂണിറ്റുകൾ സന്ദർശിക്കുന്നു.

**ഫാ.നിജു** **മേരികുട്ടി**
കോഓർഡിനേറ്റർ ആനിമേറ്റർ





## തൂത്തൂർ ഫെറോന

ബിസിസി കമ്മീഷൻ യോഗം 9-ന് നടന്നു. ഫെറോന എക്സിക്യൂട്ടീവ് 6-ന് നടന്നു. റിസോഴ്സ് പരിശീലനം 9-ന് നടത്തി. 60 പേർ പങ്കെടുത്തു. പരിശീലനത്തിൽ അവർക്കുള്ള ഉത്തരവാദിത്വങ്ങളും കടമകളും ഉൾക്കൊള്ളിച്ചിരിക്കുന്ന ഫെറോനവികാരി വൈദിക കോർഡിനേറ്റർ എന്നിവരുടെ സാന്നിദ്ധ്യത്തിലായിരുന്നു കർമ്മ പദ്ധതികൾ തയ്യാറാക്കുമ്പോൾ മുൻഗണന ക്രമത്തിൽ ഓരോ ഇടവകയുടെയും തനത് ആവശ്യങ്ങൾ പരിഗണനയിൽ ഉണ്ടാകണം എന്നും ഓർമ്മിപ്പിച്ചു. എല്ലാ ഇടവകയ്ക്കും റിസോഴ്സ് രൂപീകരണത്തിൽ പ്രത്യേക ശ്രദ്ധ കൊടുത്തിരിക്കുന്നു. കാരിത്താസ്, ജീവകാരുണ്യ പ്രവർത്തികൾ, ഓഖിദുരന്തത്തിൽ അകപ്പെട്ടവർക്ക് സാമ്പത്തിക സഹായം എന്നിങ്ങനെ യൂണിറ്റുകളുടെ കൈതാങ്ങോടെ നിർവ്വഹിക്കപ്പെടുന്ന റിസോഴ്സ് ടീമിന് വിവിധ വിഷയങ്ങളിൽ പരിശീലനം നല്കുവാനും തീരുമാനിച്ചു. ഫെറോന ആനിമേറ്റർ 8 ഇടവകയിലും ഓരോ യൂണിറ്റ് ഓരോ മാസവും സന്ദർശിച്ചുവരുന്നു.

**സി. അൽബീന**
ആനിമേറ്റർ

# അജപാലനശുശ്രൂഷ

## പുതുക്കുറിച്ചി ഫെറോന

അജപാലന ശുശ്രൂഷ തല സമിതിയോഗം 24-2-2019-ന് പള്ളിത്തുറ ഇടവകയിൽവച്ച് 2.30-ന് കോഡിനേറ്റർ ഫാ.ഡേവിഡ്സൺ അച്ചന്റെയും സി.സാലി ആനിമേറ്ററിന്റെയും നേതൃത്വത്തിൽ കൂടുകയുണ്ടായി.

മതബോധനം: അജപാലന സമിതിയുടെ നേതൃത്വത്തിൽ ഫെറോനതല ജനറൽബോഡിയോഗം ഫെബ്രുവരി 3-2-2019-ന് ഫാത്തിമാപുരം ഇടവകയിൽ വച്ച് നടത്തി. രൂപതാ നിർദ്ദേശപ്രകാരം 2019-2020 അദ്ധ്യായന വർഷത്തെ മതബോധനസമിതി തെരഞ്ഞെടുക്കാനുള്ള നിർദ്ദേശം നല്കി. മതബോധനത്തിന് വരുന്ന എല്ലാ കുട്ടികൾക്കും പ്രാർത്ഥനകൾ അറിഞ്ഞിരിക്കണമെന്നും, പള്ളിയിലും മതബോധനത്തിന് വരുന്ന ആൺകുട്ടികളും, പെൺകുട്ടികളും ധരിക്കുന്ന വസ്ത്രധാരണ രീതിയെക്കുറിച്ച് പറയുകയുണ്ടായി. അവധിക്കാലത്ത് ബൈബിൾക്ലാസ്സ് നടത്താൻ ടെസ്റ്റ് ബുക്കുകളുടെ ലിസ്റ്റ് ഫെറോന സെക്രട്ടറിയുടെ കൈയ്യിൽ ഏല്പിക്കണമെന്നും പറയുകയുണ്ടായി. പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന 8 മുതൽ 10 വരെയുള്ള ക്ലാസ്സിലെ കുട്ടികൾക്ക് ഭയം കൂടാതെ എങ്ങനെ പരീക്ഷയ്ക്ക് "ഒരുങ്ങാം" വെട്ടുതുറ കോൺവെന്റിൽ മൂന്ന് ദിവസം സ്റ്റേ നിന്നുള്ള ക്ലാസ്സ് നടത്തുകയും ചെയ്തു.

**ഫാ. ഡേവിഡ്സൺ** — **ലിസി സിജു**
കോഓർഡിനേറ്റർ — ആനിമേറ്റർ





## കഴക്കൂട്ടം ഫെറോന

കഴക്കൂട്ടം ഫെറോന അജപാലന സമിതിയോഗം ഫെബ്രുവരി 24-ാം തീയതി ഉച്ചയ്ക്ക് 3 മണിക്ക് സെന്റ് ജോസഫ്സ് ഇടവകയിൽ വച്ച് കൂടുവാൻ തീരുമാനിച്ചു.

**മതബോധനം:** മതബോധന സമിതിയുടെ പുതിയ ഭാരവാഹികളെ ഇടവകതലത്തിൽ തെരഞ്ഞെടുക്കുവാൻ തീരുമാനിച്ചു. മാർച്ച് 10-ാം തീയതി ഫെറോന ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് കാര്യവട്ടം ഇടവകയിൽ വച്ച് നടത്തുവാൻ തീരുമാനിച്ചു. എസ്എസ്എൽസി, പ്ലസ്ടു പരീക്ഷ എഴുതുന്ന കുട്ടികൾക്കായി ദിവ്യകാരുണ്യ ആരാധന നടത്തുകയുണ്ടായി.

**ഇടവകതലം:** മുരുക്കുംപുഴ ഇടവകയിൽ ഫെബ്രുവരി 17-ാം തീയതി പരീക്ഷ ഒരുക്ക ആരാധന നടത്തുകയുണ്ടായി. പുതിയ ഭാരവാഹികളെ ഫെബ്രുവരി 24-ാം തീയതി തെരഞ്ഞെടുക്കുവാൻ തീരുമാനിച്ചു. ഫെബ്രുവരി 10-ാം തീയതി ബൈബിൾ ക്ലാസ്സ് അതിരൂപത ഡയറക്ടർ ഫാ.ലോറൻസ് കുലാസിന്റെ നേതൃത്വത്തിൽ നടത്തി.

**കരിസ്മാറ്റിക്:** എല്ലാ രണ്ടാം ശനിയാഴ്ചക്കകം വചനപ്രഘോഷണം ആരാധനക്കും കാര്യവട്ടം ഇടവകയിൽ വച്ച് നടത്തുന്നു.

ഫെബ്രുവരി 16-ാം തീയതി കരിസ്മാറ്റിക് പ്രാർത്ഥന കൂട്ടായ്മ മംഗലപുരം സെന്റ് ജോസഫ് പള്ളിയിൽ വച്ച് ഫെറോന വികാരി മോൺ. ജോർജ്ജ്പോൾ നേതൃത്വത്തിൽ നടത്തുകയുണ്ടായി.

**ഫാ. ജോസഫ് എൽക്കിൻ** — **ജൂലിയറ്റ്**
കോഓർഡിനേറ്റർ — ആനിമേറ്റർ

## പാളയം ഫെറോന

17-2-2019 ഞായറാഴ്ച വെള്ളയമ്പലം പാരീഷ്ഹാളിൽ വച്ച് ക്രിസ്തീയ വിശ്വാസ ജീവിത പരിശീലന സമിതിയുടെ ഫെറോന ജനറൽബോഡി യോഗം വൈദിക കോർഡിനേറ്ററായ റവ.ഫാ.മുത്തപ്പൻ അപ്പോളിയുടെ നേതൃത്വത്തിൽ കൂടുകയുണ്ടായി. രൂപതാ രണ്ടാം സെമസ്റ്റർ പരീക്ഷയുടെ ചർച്ച നടത്തുകയും ചോദ്യപേപ്പർ തയ്യാറാക്കുന്നതിനായി ഓരോ ഇടവകയിലെ മതബോധന പ്രഥമ അദ്ധ്യാപകരെ ചുമതലപ്പെടുത്തി. മാർച്ച് 17-ാം തീയതിയ്ക്ക് മുമ്പായി പ്ലാൻ & ബഡ്ജറ്റ് എത്തിയ്ക്കണമെന്നും അച്ചൻ ഓർമ്മിപ്പിച്ചു. ബൈബിൾ വെക്കേഷൻ ക്ലാസ്സിനുള്ള സ്റ്റഡി മെറ്റീരിയൽസ് എത്തിക്കുന്നതിനായി എല്ലാ ഇടവകയിലെയും എണ്ണം എത്തിക്കണമെന്നും അറിയിച്ചു.

**ഫാ. മുത്തപ്പൻ അപ്പോളി** — **ജൂലി ഡയനേഷ്യസ്**
കോഓർഡിനേറ്റർ — ആനിമേറ്റർ

## വലിയതുറ ഫെറോന

10-2-2019 ഞായറാഴ്ച വലിയതുറ കമ്മ്യൂണിറ്റി ഹാളിൽവച്ച് ഫെറോനതലത്തിൽ അജപാലനസമിതി അംഗങ്ങൾക്ക് രൂപതാ അസ്സിസ്റ്റന്റ് ഡയറക്ടർ റവ.ഫാ.മുത്തപ്പൻ അപ്പോളി ക്ലാസ്സ് നയിച്ചു.

**ഫാ. മെൽക്കോൺ** — **മേരി**
കോഓർഡിനേറ്റർ — ആനിമേറ്റർ

## പുല്ലുവിള ഫെറോന

പുല്ലുവിള ഫെറോന അജപാലന ശുശ്രൂഷ സമിതിയുടെ ജനറൽബോഡി യോഗം 3-2-2018 ഞായറാഴ്ച 2 മണിക്ക് കരുംകുളം സൗഹൃദം ഹാളിൽവച്ച് സംഘടിപ്പിച്ചു. പ്രസ്തുത ജനറൽബോഡി





അംഗങ്ങൾക്ക് അതിരൂപത അജപാലന ഡയറക്ടർ റവ.ഫാ.ലോറൻസ് കുലാസ് അജപാലനശുശ്രൂഷ കൺവീനർമാരുടെ പ്രവർത്തനമേഖലകൾ എന്നിവയെക്കുറിച്ച് ക്ലാസ്സെടുത്തു. ഫെറോനയിലെ വിവിധ ഇടവകകളിൽ നിന്നും 103 അജപാലന ശുശ്രൂഷ സമിതി അംഗങ്ങൾ പങ്കെടുത്തു.

**ഫാ. അഗസ്റ്റിൻ ജോൺ** — **മേരിത്രേസ്യ മൊറായിസ്**
കോഓർഡിനേറ്റർ — ആനിമേറ്റർ

## തൂത്തൂർ ഫെറോന

ക്രിസ്തീയ വിശ്വാസപരിശീലന പരിപാടിയുടെ എക്സിക്യൂട്ടീവ് യോഗം നടന്നു. പ്രസ്തുത യോഗത്തിൽ മുൻവർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും തുടർപരിപാടിയായി രണ്ടാം സെമസ്റ്റർ പരീക്ഷയ്ക്ക് ഉള്ള ചോദ്യപേപ്പർ തയ്യാറാക്കുന്നതിനുള്ള നിർദ്ദേശം നല്കി.

**ഫാ. ബിനു ജോസഫ്** — **മല്ലിക ഡെസൽബിൻ**
കോഓർഡിനേറ്റർ — ആനിമേറ്റർ

# കുടുംബപ്രേഷിത ശുശ്രൂഷ

## സർട്ടിഫിക്കറ്റ് കൗൺസിലിംഗ് കോഴ്സ് നാലാം ബാച്ച്

തിരുവനന്തപുരം അതിരൂപതയിൽ കുടുംബശുശ്രൂഷയുടെ കീഴിൽ കേന്ദ്ര-സംസ്ഥാന ഗവൺമെന്റിന്റെ സർട്ടിഫിക്കറ്റ് ലഭിക്കുന്ന ആറുമാസം നീണ്ടുനിൽക്കുന്ന കൗൺസിലിംഗ് കോഴ്സിന്റെ നാലാമത്തെ ബാച്ച് ഫെബ്രുവരി 7 ന് ആരംഭിച്ചു..

**കൗൺസിലിംഗ്**

വിവിധ ഇടവകകളിൽ നിന്നും വന്ന 150 പേർക്ക് പ്രശ്നപരിഹാരത്തിന് നിർദ്ദേശം നൽകാൻ സാധിച്ചു.

അതിരൂപതാ കേന്ദ്രമാക്കി ആരംഭിച്ചിട്ടുള്ള കൗൺസിലിംഗ് സെന്റർ ജൂബിലി ആനിമേഷൻ സെന്ററിലെ റൂം നമ്പർ 5 ൽ പ്രവർത്തിച്ചുവരുന്നു. **9400101044** എന്ന നമ്പരിൽ മുൻകൂട്ടി വിളിച്ച് രജിസ്റ്റർ ചെയ്തുവരുന്ന എല്ലാവർക്കും കൗൺസിലിംഗ് സൗകര്യം ഒരുക്കിക്കൊടുക്കുന്നു. എല്ലാ ഫെറോനകളിലെയും തിരഞ്ഞെടുക്കപ്പെട്ട സെന്ററുകളിലും കൗൺസിലിംഗ് സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്.

**സാന്ത്വനം മംഗല്യം**

കുടുംബപ്രേഷിതശുശ്രൂഷയുടെ കരുണയുടെ മുഖമാണ് സാന്ത്വനം മംഗല്യം. സാമ്പത്തികമില്ലാത്തതുകൊണ്ടു മാത്രം വിവാഹിതരാകാതെ കഴിയുന്ന യുവതികൾക്ക് വിവാഹ സഹായം നൽകുക എന്നതാണ് സാന്ത്വനം മംഗല്യത്തിന്റെ ലക്ഷ്യം.

ഇതുവരെയായി 139 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. 137 അപേക്ഷകൾക്ക് സഹായം നൽകുവാൻ സാധിച്ചു. സാന്ത്വനം മംഗല്യത്തിനായി ഈ മാസം 7 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അന്വേഷണ വിധേയമാക്കിയതിനു ശേഷം 5 യുവതികൾക്ക് ധനസഹായം നൽകുവാൻ സാധിച്ചു.





**കരുണാമയൻ**

കുടുംബപ്രേഷിതശുശ്രൂഷയുടെ കീഴിൽ ഏകസ്ഥരുടെ (വിവാഹിതരാകാതെ ജീവിക്കുന്നവരുടെ) അജപാലനം മുന്നിൽ കണ്ടുകൊണ്ട് നടത്തുന്ന കർമ്മ പരിപാടിയാണ് "ആരും തനിച്ചല്ല" - കരുണാമയൻ. ഈ പ്രോജക്ടിൽ ഉൾപ്പെടുത്തി 30 അംഗങ്ങൾക്ക് സന്ദർശിച്ച് ധനസഹായം നൽകി വരുന്നു.

**ഫെറോന ആനിമേറ്റേഴ്സ് യോഗം**

കുടുംബപ്രേഷിത ശുശ്രൂഷയിലെ ഫെറോന ആനിമേറ്റർമാരുടെ ഈ മാസത്തിലെ യോഗം 14-ാം തീയതി കൂടുകയുണ്ടായി.

ഓരോ ഫെറോനയിൽ നിന്നും 5 ദമ്പതിമാരെ വീതം വിളിച്ചുകൂട്ടി പരിശീലനം നൽകിക്കൊണ്ട് ഫാമിലി ഫോർ ക്രൈസ്റ്റ് ഇടവകതലത്തിൽ രൂപീകരിക്കുക, ബധിരരും മൂകരുമായവരുടെ വിവരങ്ങൾ ശേഖരിച്ച് അവരെ രൂപതാ തലത്തിൽ വിളിച്ച് ചേർക്കുക, വിധവകളുടെയും വിഭാര്യുടെയും വിവരണങ്ങൾ ശേഖരിക്കുക, എല്ലാ ഫെറോനകളിലും എത്രയും വേഗം എക്സിക്യൂട്ടീവിനെ തെരഞ്ഞെടുക്കുയും രൂപതാ എക്സിക്യൂട്ടീവ് രൂപീകരിക്കുകയും ചെയ്യുക, എല്ലാ ഇടവക കൺവീനേഴ്സിനെയും വിളിച്ചു കൂട്ടി പരിശീലനം നൽകുക, എല്ലാ ഫെറോനകളിലും 5 മുതൽ 10 വരെ അംഗങ്ങൾ ഉൾപ്പെടുന്ന റിസോഴ്സ് ടീം രൂപീകരിക്കുന്നതിന് രൂപതാ തലത്തിൽ പരിശീലനം സംഘടിപ്പിക്കുക തുടങ്ങിയ കാര്യങ്ങൾ ചർച്ച ചെയ്തു.

**ഫെറോന തല പ്രവർത്തനങ്ങൾ**

**പുതുക്കുറിച്ചി ഫെറോന**

2019-2020 കാലയളവിലെ പുതുക്കുറിച്ചി ഫെറോന കുടുംബപ്രേക്ഷിത കമ്മീഷനിൽ തെരഞ്ഞെടുക്കപ്പെട്ട ഇടവക പ്രതിനിധികളുടെ ഫെറോനാതലയോഗം 24-2-2019 ഞായറാഴ്ച 4 മണിക്ക് പുതുക്കുറിച്ചി ഇടവകയിൽ കൂടുകയുണ്ടായി. പ്രസ്തുത

യോഗത്തിൽ പുതിയ എക്സിക്യൂട്ടീവ് അംഗങ്ങളെ തെരഞ്ഞെടുക്കുകയും, ഭാവിതല പ്രവർത്തനങ്ങളെക്കുറിച്ച് സുദീർഘമായ ചർച്ചകൾ നടത്തുകയും ചെയ്തു. എല്ലാ മാസത്തിന്റെയും മൂന്നാമത്തെ ഞായറാഴ്ച ഒത്തുകൂടുവാൻ തീരുമാനിച്ചു. പ്രസ്തുത യോഗത്തിൽ എല്ലാ ഇടവകകളുടെയും സാന്നിധ്യം ഉണ്ടായിരുന്നു. എല്ലാ ഇടവകകളിലും ഇടവകാതല കുടുംബശുശ്രൂഷായോഗം നടന്നു.

**കഴക്കൂട്ടം ഫെറോന**

കഴക്കൂട്ടം ഫെറോന കുടുംബശുശ്രൂഷസമിതിയോഗം 3-2-19-ന് സെന്റ് ജോസഫ് കഴക്കൂട്ടം പാരീഷ് ഹാളിൽവച്ച് ഫെറോന വൈദിക കോർഡിനേറ്റർ ഫാ. ഡേവീസ് ഇടക്കളൂത്തളിന്റെ അദ്ധ്യക്ഷതയിൽ നടന്നു. പെബ്രുവരി 17-ന് രോഗീദിനമായ് ആചരിക്കാൻ തീരുമാനിച്ചു. എല്ലാ ഇടവകകളിൽ നിന്നുമുള്ള കൺവീനർമാർ യോഗത്തിൽ പങ്കെടുത്തു. ഈ യോഗ തീരുമാനം അനുസരിച്ച് എല്ലാ ഇടവകകളിലും രോഗീദിനം ആചരിച്ചു. ഭവനങ്ങളിൽ നിന്നും കിടപ്പുരോഗികളെ ദേവാലയത്തിൽ എത്തിച്ചു ദിവ്യബലിയിൽ പങ്കെടുപ്പിക്കുകയും തുടർന്ന് രോഗികൾക്ക് പ്രഭാതഭക്ഷണവും പാരിതോഷികങ്ങളും നല്കി സന്തോഷത്തോടെ അവരെ ഭവനങ്ങളിലേക്ക് മടക്കികൊണ്ടു പോകുകയും ചെയ്തു.

**പാളയം ഫെറോന**

പാളയം ഫെറോന കുടുംബപ്രേക്ഷിത ശുശ്രൂഷാ എക്സിക്യൂട്ടീവ് യോഗം കൂടി, വാർഷിക വിലയിരുത്തൽ നടത്തി. 2019-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട ഊന്നലുകളെക്കുറിച്ച് ജനറൽബോഡി യോഗത്തിൽ അവതരിപ്പിച്ചു വ്യക്തത വരുത്തി. കുടുംബപ്രാർത്ഥന, വിശുദ്ധഗ്രന്ഥവായന, ദിവ്യബലി. കൂദാശകൾ എന്നിവ ശ്രദ്ധിക്കുക. മാധ്യമവിമുക്ത





മണിക്കൂർ, വിവാഹ ബ്യൂറോ കൗൺസിലിംഗ്, കരുണാമയൻ, ഓഖിയിൽ രക്ഷപ്പെട്ടവരുടെ സംരക്ഷണം, വിവാഹ ഒരുക്ക ക്ലാസ്സുകൾ, വിധവകൾ, വിഭാര്യർ തുടങ്ങിയവരുടെ സംരക്ഷണം എന്നിവ പരിചയപ്പെടുത്തുക എന്നിവ ഇടവകയുടെ ആവശ്യങ്ങളിൽ മുഖ്യപങ്കുള്ളവ നടപ്പിലാക്കാൻ നിശ്ചയിച്ചു.

**കോവളം ഫെറോന**

ഫെറോനതല യോഗം ഈ മാസം 17-ാം തീയതി കൂടുക യുണ്ടായി. ഇടവകകളിൽ നിന്നായി 33 അംഗങ്ങൾ പങ്കെടുത്തു. ഇടവക തലത്തിലും ഫെറോനതലത്തിലും ശുശ്രൂഷാ പ്രവർത്ത നങ്ങൾ എങ്ങനെ കാര്യക്ഷമമാക്കാം എന്നതിനെക്കുറിച്ച് അതിരൂ പതാ ഡയറക്ടർ ഫാ. എ ആർ ജോൺ ക്ലാസ്സെടുത്തു. രോഗികളാ യവരെ സന്ദർശിക്കുകയും കൗൺസിലിംഗ് ആവശ്യമുള്ളവരെ അതി രൂപതാ കൗൺസിലിംഗ് സെന്ററിൽ എത്തിക്കുകയും ചെയ്തു.

**പേട്ട ഫെറോന**

10-2-2019 വ്യാഴാഴ്ച പേട്ട ഫെറോനാസെന്ററിൽ വച്ച് ഇട വകതല എക്സിക്യുട്ടീവിനെ വിളിച്ചുകൂട്ടി ഫെറോനതല എക്സി ക്യുട്ടീവിനെ തിരഞ്ഞെടുത്തു. ഫെറോനയുടെ കുടുംബപ്രേഷിത കൺവീനർ ശ്രീ. ലൂർദ്ദൻ ആന്റണി.

എല്ലാ ഇടവകകളിലും പ്ലാൻ & ബഡ്ജറ്റ് തയ്യാറാക്കുന്നു. വിധവകൾ-വിഭാര്യർ, ഏകസ്തർ എന്നിവരുടെ ലിസ്റ്റ് ശേഖരിക്കു കയും സന്ദർശിക്കുകയും ചെയ്തുവരുന്നു. ചെറുവയ്ക്കൽ ഇടവ കയിൽ ക്യാൻസർ രോഗികളെ സന്ദർശിച്ചു ധനസഹായം നൽകി. രണ്ടു ഭവനങ്ങൾക്ക് ടോയ്‌ലറ്റ് നിർമ്മിക്കുന്നതിന് ആവശ്യമായ സാനിട്ടറി ഉപകരണങ്ങൾ വാങ്ങി നൽകി.

**പുല്ലുവിള ഫെറോന**

പുല്ലുവിള ഫെറോനയിലെ എക്സിക്യുട്ടീവ് സമിതി യോഗം 10/2/2019 ന് കരുംകുളം സൗഹൃദം ഹാളിൽ വച്ച് നടന്നു. ഇടവക

തലത്തിലും ഫെറോനതലത്തിലും ശുശ്രൂഷാ പ്രവർത്തനങ്ങൾ എങ്ങനെ കാര്യക്ഷമമാക്കാം എന്നതിനെക്കുറിച്ച് അതിരൂപതാ ഡയറക്ടർ ഫാ. എ ആർ ജോൺ ക്ലാസ്സെടുത്തു. തുടർന്ന് എക്സിക്യുട്ടീവ് അംഗങ്ങളെ തിരഞ്ഞെടുത്തു.

കൗൺസിലിംഗിലൂടെ തകർന്ന കുടുംബങ്ങളെ ഒരുമിപ്പിക്കുവാനും കൗദാശിക ജീവിതത്തിൽ നിന്ന് പിന്നോട്ട് നിൽക്കുന്നവരെ അതിലേക്ക് തിരിച്ച് കൊണ്ടുവരാനും സാധിച്ചു. ഏകസ്തരെയും രോഗികളെയും സന്ദർശിക്കുകയും അവർക്ക് സാന്ത്വനം പകരുകയും ചെയ്തു.

**വിവാഹ ഒരുക്കസെമിനാർ**

ഫെബ്രുവരി 15, 16, 17 തീയതികളിൽ നടന്ന കോഴ്സിൽ 72 പെൺകുട്ടികളും 65ആൺകുട്ടികളും പങ്കെടുത്തു. ഇവരെ ഗ്രൂപ്പുകളായിതിരിച്ച് ആനുകാലിക പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്തു. എല്ലാവരും സജീവമായി പങ്കെടുത്തു.

**വിവാഹ ഒരുക്കസെമിനാർ**
2019 മാർച്ച് 11, 12, 13
2019 മാർച്ച് 22, 223, 24

**വിവാഹ ഒരുക്കസെമിനാർ www.latinmatrimonial.com എന്ന വെബ്സൈറ്റിൽ ഓൺ ലൈൻ രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്.**

**മാര്യേജ് ബ്യൂറോ**

വെബ്സൈറ്റിന്റെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലമായി നടക്കുന്നു. ഈ മാസത്തിൽ മാര്യേജ് ബ്യൂറോയിൽ 30 വ്യക്തികളുടെ പേര് രജിസ്റ്റർ ചെയ്തു. മാര്യേജ് ബ്യൂറോ ഓൺ ലൈൻ രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്. രജിസ്ട്രേഷൻ ചെയ്യേണ്ട വെബ്സൈറ്റ് www.latinmatrimonial.com





# യുവജന ശുശ്രൂഷ

കെ.സി.വൈഎം. തിരുവനന്തപുരം ലത്തീൻ അതിരൂപത പ്രസിഡന്റായി പാളയം ഫെറോനയിലെ ശ്രീ.ഷൈജു റോബിനെ തെരഞ്ഞെടുത്തു. കെ.സി.വൈ.എം. മുൻ അതിരൂപതാ വൈസ് പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ട്രഷറർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. പുല്ലുവിള ഫെറോനയിൽ നിന്നുള്ള ശ്രീ. ജോൺ ബ്രിട്ടോയാണ് ജനറൽ സെക്രട്ടറി. കുമാരി. ബിൻസി (കാര്യവട്ടം), ശ്രീ. അനീഷ് യേശുദാസ് (മരിയനാട്) എന്നിവരെ വൈസ് പ്രസിഡന്റുമാരായും, ശ്രീ.സനു സാജൻ (കുശവർക്കൽ), ശ്രീ.ഗോഡ്സൺ പൗലോസ് (വെട്ടുകാട്), നാൻസി (അരയത്തുരത്തി), സോന ബി. (കൊച്ചുവേളി) എന്നിവരെ സെക്രട്ടറിമാരായും, ശ്രീ.സിറിൾ ബോസ്കോ (താഴംപള്ളി) ട്രഷററായും ശ്രീ.സന്തോഷ് രാജ് (പുന്നയ്ക്കാമുകൾ), രേവതി (കുടപ്പനക്കുന്ന്) എന്നിവരെ സംസ്ഥാന സിൻഡിക്കേറ്റ് അംഗങ്ങളായും, ശ്രീ.ദീപു.എം.വി. (പാലപ്പൂർ), ലിജിന മേരി (പൊഴിയൂർ) എന്നിവരെ സെനറ്റ് അംഗങ്ങളായും ശ്രീ.ബിനു.ബി (പെരിങ്ങമല), ശ്രീ.രാഹുൽ സേവ്യർ ഗോമസ് (പുതുക്കുറിച്ചി) എന്നിവരെ സമിതി അംഗങ്ങളായും തെരഞ്ഞെടുത്തു. 2019 ജനുവരി 12 ന് വെള്ളയമ്പലം ടി.എസ്.എസ്.എസ്. ഹാളിൽ വച്ച് നടന്ന 42-ാമത് അതിരൂപത സെനറ്റ് സമ്മേളനത്തിലാണ് തെരഞ്ഞെടുപ്പ് നടന്നത്. അതിരൂപത ഡയറക്ടർ ഫാ.ലെനിൻ ഫെർണാണ്ടസ് സത്യപ്രതിജ്ഞാവാചകം ചൊല്ലിക്കൊടുത്തു. അതിരൂപത അസി.ഡയറക്ടർ ഫാ.സന്തോഷ് കുമാർ, കെ.സി.വൈ.എം. മുൻ രൂപതാ പ്രസിഡന്റ് ശ്രീ.ജോണി.എം.എ, കെ.സി.വൈ.എം. മുൻ സംസ്ഥാന പ്രസിഡന്റ് ശ്രീ.ഇമ്മാനുവേൽ മൈക്കിൾ എന്നിവർ പ്രസംഗിച്ചു.

**സംരക്ഷണ അവകാശ സമരം**

കേരള സർക്കാർ നടപ്പിലാക്കുന്ന KAS ൽ പിന്നോക്ക സംവരണം എടുത്തുമാറ്റിയതിൽ പ്രതിഷേധിച്ച് 16.01.2019 ബുധനാഴ്ച KRLCC യോട് ചേർന്ന് കെ.സി.വൈ.എം.

യുവജനങ്ങളും സെക്രട്ടറിയേറ്റ് ധർണ്ണയിൽ പങ്കെടുത്തു. മുന്നൂറോളം യുവജനങ്ങൾ ധർണ്ണയിൽ പങ്കെടുത്തു. ഫാ. പോൾ സണ്ണി, ഫാ. ലെനിൻ ഫെർണാണ്ടസ്, ശ്രീ. ജോണി.എം.എ, ശ്രീ.ഷൈജു റോബിൻ എന്നിവർ സംസാരിച്ചു.

## എൽ.സി.വൈ.എം. സംസ്ഥാന സെനറ്റ്

എൽ.സി.വൈ.എം. സംസ്ഥാന സെനറ്റ് സമ്മേളനം ജനുവരി 18 ന് തൃശൂർ ലത്തീൻ പള്ളിയിൽ വച്ച് സംഘടിപ്പിക്കുകയുണ്ടായി. തിരുവനന്തപുരം രൂപതയിൽ നിന്നും 10 ഓളം രൂപതാ സമിതി അംഗങ്ങൾ പങ്കെടുക്കുകയുണ്ടായി. സെനറ്റ് സമ്മേളനത്തിൽ രൂപതാ വാർഷിക റിപ്പോർട്ട് അവതരിപ്പിക്കുകയും കെ.സി.വൈ.എം. മുൻ സംസ്ഥാന പ്രസിഡന്റ് ശ്രീ. ഇമ്മാനുവേൽ മൈക്കിൾ, എൽ.സി.വൈ.എം. മുൻ സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ.ജോണി.എം.എ എന്നിവരെ അഭിവന്ദ്യ വിൻസന്റ് സാമുവേൽ പിതാവ് ആദരിക്കുകയുണ്ടായി. തുടർന്ന് നടന്ന എൽ.സി.വൈ.എം. തെരഞ്ഞെടുപ്പിൽ തിരുവനന്തപുരം രൂപതാ കൗൺസിലറായ കുമാരി. രേവതിയെ സംസ്ഥാന വൈസ് പ്രസിഡന്റായി തെരഞ്ഞെടുത്തു.

## കെ.സി.വൈ.എം. സംസ്ഥാന സെനറ്റ്

കെ.സി.വൈ. എം. സംസ്ഥാന വാർഷിക സെനറ്റ് സമ്മേളനം ജനുവരി 18 മുതൽ 20 വരെ തൃശൂരിൽ വച്ച് സംഘടിപ്പിക്കുകയുണ്ടായി. രൂപതയിൽ നിന്നും 10 ഓളം രൂപതാ സമിതി അംഗങ്ങൾ പങ്കെടുക്കുകയുണ്ടായി. സെനറ്റ് സമ്മേളനത്തിൽ രൂപതാ വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. കെ.സി.വൈ.എം. സംസ്ഥാന തെരഞ്ഞെടുപ്പിൽ സെക്രട്ടറിയായി ശ്രീ.സന്തോഷ് രാജ് തെരഞ്ഞെടുക്കപ്പെട്ടു.

## ആലപ്പാട് സന്ദർശനം

ആലപ്പാട് കരിമണൽ ഖനനത്തെ തുടർന്ന് ദുരിതം അനുഭവിക്കുന്ന ആലപ്പാട് ജനങ്ങളെ നേരിൽ കാണാനും അവരുടെ





സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിക്കാനും കെ.സി.വൈ.എം. സംസ്ഥാന സമിതിയും തിരുവനന്തപുരം ലത്തീൻ അതിരൂപതയും സംയുക്തമായി 03.02.2019 ന് ആലപ്പാട് കരിമണൽ ഖനന പ്രദേശം സന്ദർശിച്ചു. 10 ഓളം അതിരൂപത സമിതി അംഗങ്ങൾ പങ്കെടുത്തു. ശ്രീ. സിറിയക് ചാഴിക്കാടൻ (കെ.സി.വൈ.എം. സംസ്ഥാന പ്രസിഡന്റ്), ശ്രീ. ഷൈജു റോബിൻ ( കെ.സി.വൈ.എം. അതിരൂപത പ്രസിഡന്റ്), ശ്രീ. ബിജോ ബാബു (സംസ്ഥാന ജനറൽ സെക്രട്ടറി), ശ്രീ. ജോൺ ബ്രിട്ടോ വാൾട്ടൻ (കെ.സി.വൈ.എം. ജനറൽ സെക്രട്ടറി), ശ്രീ. സന്തോഷ് രാജ് (സംസ്ഥാന സെക്രട്ടറി) എന്നിവർ നേതൃത്വം നൽകുകയും പിന്തുണ അറിയിക്കുകയും ചെയ്തു.

## AWAKE 19 Training

കെ.സി.വൈ.എം. തിരുവനന്തപുരം ലത്തീൻ അതിരൂപത സമിതിയുടെ നേതൃത്വത്തിൽ യുവജനങ്ങളെ കൂടുതൽ മനസ്സിലാക്കി, സഭയോടൊത്ത് സമസ്ത മേഖലയിലേക്കും കൊണ്ടുവരുവാനും എന്ന ലക്ഷ്യത്തോടെ നടത്താനൊരുങ്ങുന്ന ഇടവക സന്ദർശനത്തിൽ പങ്കെടുക്കുന്നവർക്കായി ഒരു ട്രെയിനിംഗ് പ്രോഗ്രാം 2019 ഫെബ്രുവരി 16 ന് തൈക്കാട് ഇടവകയിൽ വച്ച് നടത്തുകയുണ്ടായി. ട്രെയിനിംഗിൽ 40 ഓളം പ്രതിനിധികൾ പങ്കെടുത്തു. അതിരൂപത അസിസ്റ്റന്റ് ഡയറക്ടർ ഫാ.സന്തോഷ് കുമാർ AWAKE 19 നെ കുറിച്ച് യുവജനങ്ങൾക്ക് ബോധവൽക്കരണം നടത്തി. തുടർന്ന് ഫാ. ലെനിൻ ഫെർണാണ്ടസ്, ശ്രീ. ജോണി.എം.എ എന്നിവർ ക്ലാസ്സുകൾ കൈകാര്യം ചെയ്തു.

## കാശ്മീരിൽ വീരമൃത്യു വരിച്ച ധീരജവാന്മാർക്ക് ആദരാഞ്ജലികൾ

കാശ്മീരിൽ തീവ്രവാദി ആക്രമണത്തിൽ വീരമൃത്യു വരിച്ച ധീരജവാന്മാർക്ക് ആദരാഞ്ജലികൾ അർപ്പിക്കുന്നതിനും പൊതുസമൂഹത്തിൽ സമാധാന സന്ദേശം പകർന്നു നൽകുന്നതിനുമായി ഫെബ്രുവരി 16, വൈകുന്നേരം 6.00 മണിക്ക്

പാളയം രക്തസാക്ഷി മണ്ഡപത്തിൽ വച്ച് സമാധാനദീപം തെളിയിച്ചു. സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച പരിപാടിയിൽ തിരുവനന്തപുരം ലത്തീൻ അതിരൂപത, മലങ്കര, നെയ്യാറ്റിൻകര, പാറശാല എന്നിവിടങ്ങളിൽ നിന്നും രൂപതാ പ്രതിനിധികളും പങ്കെടുത്തു. മോസ്റ്റ്. റവ. തോമസ് മാർ യൗസേബിയോസ് (പാറശ്ശാല രൂപത ബിഷപ്പ്), മാർ തോമസ് തറയിൽ (ചങ്ങനാശ്ശേരി അതിരൂപത സഹായ മെത്രാൻ), വെരി. റവ. മോ. ഡോ. നിക്കോളാസ് T (പാളയം ഫെറോന വികാരി), വി.പി. സുഹൈബ് മൗലവി (പാളയം ഇമാം), ഫാ. ലെനിൻ ഫെർണാണ്ടസ് (അതിരൂപത ഡയറക്ടർ), ശ്രീ. ഷൈജു റോബിൻ ( അതിരൂപത പ്രസിഡന്റ്), ശ്രീ. സിറിയക് ചാഴിക്കാടൻ (സംസ്ഥാന പ്രസിഡന്റ്), ശ്രീ. ബിജോ ബാബു (സംസ്ഥാന ജനറൽ സെക്രട്ടറി), ശ്രീ. സന്തോഷ് രാജ് (സംസ്ഥാന സെക്രട്ടറി) എന്നിവർ ആദരാഞ്ജലികൾ അർപ്പിച്ചു സംസാരിച്ചു.

**ഫെറോന സമിതി:** വലിയതുറ, പാളയം, പുല്ലുവിള, തൂത്തൂർ, കോവളം എന്നീ ഫെറോനകളിൽ ഫെറോന സമിതി യോഗം നടന്നു.

**പുതുക്കുറിച്ചി ഫെറോന**

പുതുക്കുറിച്ചി ഫെറോനതല ജനറൽബോഡി യോഗം 10-2-2019-ന് 3 മണിയ്ക്ക് സെന്റ് ആൻഡ്രൂസ് പാരീഷിൽ വച്ച് കൂടുകയുണ്ടായി. പ്രധാനപ്പെട്ട അജണ്ട ''മിന്നാധാരം ഒരു കൈത്താങ്ങ്'' പാവപ്പെട്ട പെൺകുട്ടികൾക്ക് വിവാഹസഹായഹസ്തം നല്കുന്നതിനുവേണ്ടി. ഫെറോനതലത്തിൽ ചെറിയ ചെറിയ പ്രവർത്തനങ്ങളിലൂടെ ധനസമാഹരണം നടത്തി ഈ സംരംഭത്തിലേയ്ക്ക് ഒരു കൈത്താങ്ങ് ആക്കുവാൻ യോഗം തീരുമാനിച്ചു.

**ഫാ. ആന്റോ ബൈജു** — **ലിസി സിജു**
കോഓർഡിനേറ്റർ — ആനിമേറ്റർ





**കഴക്കൂട്ടം ഫെറോന**

കഴക്കൂട്ടം ഫെറോന യുവജനശുശ്രൂഷയുടെ കലോത്സവവും മുരുക്കുംപുഴ ഇടവകയിൽ ഇൻഫന്റ് ജീസസ്സ് കോൺവെന്റ് സ്ക്കൂളിൽവച്ച് ഫെബ്രുവരി 17-ാം തീയതി രചന മത്സരം നടത്തുകയുണ്ടായി. ഫെബ്രുവരി 24-ാം തീയതി കലാമത്സരം നടത്തുവാനാണ് തീരുമാനിച്ചിരിക്കുന്നത്.

**ഫാ. റിച്ചാർഡ് സക്കറിയ** — **ജൂലിയറ്റ് പോൾ**
കോഓർഡിനേറ്റർ — ആനിമേറ്റർ

**പുല്ലുവിള ഫെറോന**

പുല്ലുവിള ഫെറോനയിൽ 9-2-2019-ൽ യുവജനശുശ്രൂഷ സമിതിയുടെ നേതൃത്വത്തിൽ കൊച്ചുപള്ളി ഇടവകയിൽവച്ച് എസ്എസ്എൽസി, +1, +2 വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് "നിർഭയം പരീക്ഷ എങ്ങനെ എഴുതാം" ഉന്നത വിദ്യാഭ്യാസ കോഴ്സുകൾ തെരഞ്ഞെടുക്കുന്നതിനുള്ള വഴികൾ, അംഗീകാരമുള്ള സ്ഥാപനങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നതിനോടൊപ്പം ആത്മീയ ഉണർവ്വ് പഠനകാര്യത്തിൽ വിദ്യാർത്ഥികൾക്ക് ഊർജ്ജസ്വലതരാകുവാൻ ധ്യാനം, ആരാധന എന്നിവ ക്രമീകരിച്ചു.

# വിദ്യാഭ്യാസശുശ്രൂഷ

## രൂപതാതലം

അതിരൂപതാ വിദ്യാഭ്യാസ ജനറൽ ബോഡിയോഗം 19-2-2019-ൽ വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ വച്ച് സംഘടിപ്പിക്കുകയുണ്ടായി. പ്രസ്തുത യോഗത്തിൽ 2019-20 വർഷത്തെ പ്ലാൻ & ബഡ്ജറ്റിൽ ഊന്നൽ നൽകേണ്ട പ്രധാനപ്പെട്ട പ്രവർത്തനങ്ങളെ കുറിച്ച് ചർച്ച ചെയ്യുകയും തുടർന്ന് രൂപതാ വിദ്യാഭ്യാസ ശുശ്രൂഷ എക്സിക്യൂട്ടീവ് അംഗങ്ങളുടെ തെരഞ്ഞെടുപ്പ് രൂപതാ ഡയറക്ടറിന്റെയും അസ്സിസ്റ്റന്റ് ഡയറക്ടറിന്റെ നേതൃത്വത്തിൽ നടത്തുകയുണ്ടായി.

ഫെബ്രുവരി 2-ാം തീയതി സെന്റ് ജോസഫ്സ് എച്ച്എസ്എസ് പാളയത്തുവച്ച് രൂപതാ ഡയറക്ടറിന്റെയും അസിസ്റ്റന്റ് ഡയറക്ടറിന്റെയും നേതൃത്വത്തിൽ സിവിൽ സർവ്വീസ് മേഖലയിലേയ്ക്ക് നമ്മുടെ രൂപതയിലെ വിദ്യാർത്ഥികളെ എത്തിക്കുന്നതിന്റെ ഭാഗമായി അതിരൂപതയുടെ നേതൃത്വത്തിൽ സിവിൽ സർവ്വീസ് ഓറിയന്റേഷൻ ക്ലാസ്സ് സംഘടിപ്പിച്ചു. രൂപതയിലെ വിവിധ ഫെറോനയിൽനിന്ന് 46 വിദ്യാർത്ഥികൾ പങ്കെടുത്തു.

**ഫെറോനതല പ്രവർത്തനങ്ങൾ**

**ഫെറോനസമിതി:** പാളയം, പുല്ലുവിള, തൂത്തൂർ, വലിയതുറ, പുതുകുറിച്ചി, ഫെറോന സമിതിയോഗം വൈദിക കോർഡിനേറ്ററിന്റെ നേതൃത്വത്തിൽ കൂടുകയുണ്ടായി. 2017-18 വർഷത്തെ പ്ലാൻ & ബഡ്ജറ്റ് വിലയിരുത്തുകയും 2018-19 വർഷത്തെ പ്രവർത്തനങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു. തുടർന്ന് ഫെറോന





എക്സിക്യൂട്ടീവ് അംഗങ്ങളെ തെരഞ്ഞെടുക്കുകയും ചെയ്തു.

**എക്സിക്യൂട്ടീവ് യോഗം:** പാളയം, പുല്ലുവിള, പുതുകുറിച്ചി എന്നീ ഫെറോനകളിൽ എക്സിക്യൂട്ടീവ് യോഗം കൂടി. 2019-20 വർഷത്തെ പ്ലാൻ & ബഡ്ജറ്റിന്റെ കരടു തയ്യാറാക്കി.

**ഇടവക സമിതിയോഗം :** ഫെറോനയിലെ എല്ലാ ഇടവകകളിലും സമിതിയോഗം ഇടവകവികാരിയുടെ നേതൃത്വത്തിൽ കൂടുകയുണ്ടായി. പ്ലാൻ & ബഡ്ജറ്റ് ചർച്ച ചെയ്തു കരടു തയ്യാറാക്കി വരുന്നു.

**ഹൗ ടു ഫെയ്സ് എക്സാം:** പാളയം ഫെറോന ഫെറോനതലത്തിലും പുല്ലുവിള ഫെറോന ഇടവകതലത്തിൽ (പള്ളം, പുതിയതുറ, പൂവാർ), വലിയതുറ ഫെറോനയിൽ ഇടവകതലത്തിൽ (ചെറിയതുറ, കൊച്ചുവേളി, കണ്ണാന്തുറ), പുതുക്കുറിച്ചി ഫെറോനയിൽ സെന്റ് ആൻഡ്രൂസ് ഇടവകയിലും തൂത്തൂർ ഫെറോനതലത്തിലും അഞ്ചുതെങ്ങ് ഫെറോനയിൽ മാമ്പള്ളി ഇടവകയിലും ആത്മവിശ്വാസത്തോടുകൂടി പരീക്ഷഹാളിലേക്ക് എന്ന വിഷയത്തെ അടിസ്ഥാനമാക്കി ക്ലാസ്സ് നയിച്ചു.

**സായാന്ന പഠന ക്ലാസ്സ്:** പുല്ലുവിള ഫെറോന (പുല്ലുവിള, പുതിയതുറ, കരുംകുളം, പൂവാർ) അഞ്ചുതെങ്ങ് ഫെറോന (അഞ്ചുതെങ്ങ്, ചമ്പാവ്, പൂത്തുറ) എന്നീ ഫെറോനകളിൽ പത്താം ക്ലാസ്സ് വിദ്യാർത്ഥികൾക്കായി വിഷായാടിസ്ഥാനത്തിൽ പരിശീലന പരിപാടി നടന്നുവരുന്നു.

**തുടർപരിപാടികൾ:** പുല്ലുവിള ഫെറോന (ഡിഫൻസ് പരിശീലനം, പിഎസ്സി പരിശീലനം, സിവിൽ സർവ്വീസ്) വലിയതുറ (പിഎസ് സി പരിശീലനം) എന്നീ പരിശീലന പരിപാടി നടന്നുവരുന്നു.

## പുതുക്കുറിച്ചി ഫെറോന

വിദ്യാഭ്യാസ ശുശ്രൂഷ സമിതിയോഗം ഫെബ്രുവരി 17-2-2019-ന് 2 മണിയ്ക്ക് സെന്റ് ആൻഡ്രൂസ് ഇടവകയിൽ വച്ച് 11 ഇടവകകളിൽ നിന്ന് തെരഞ്ഞെടുത്ത കൺവീനർ പങ്കെടുത്തു. ഫെറോനതലത്തിൽ 8 മുതൽ 12 വരെയുള്ള കുട്ടികൾക്ക് അവധിക്കാല സമ്മർ ക്യാമ്പ്, വിവിധ പ്രോഗ്രാമുകൾ നടത്തുവാൻ തീരുമാനിച്ചു. 10, പ്ലസ്വൺ, പ്ലസ്ടു ക്ലാസ്സിലെ കുട്ടികൾക്കായ് കരിയർ ഗൈഡൻസ് ക്ലാസ്സ് തീരുമാനിക്കുകയും റിസോഴ്സ് പേഴ്സനായി അജിത് സാറിനെ തെരഞ്ഞെടുക്കുകയും ചെയ്തു. പ്ലസ്ടു, ഡിഗ്രി ക്ലാസിലെ കുട്ടികൾക്കായി പിഎസ്സി പരിശീലന ക്ലാസ്സ് നടത്തുവാൻ തീരുമാനിച്ചു.അതിലേയ്ക്ക് ശ്രീ.സുനിൽ ജോണിനെ റിസോഴ്സ് പേഴ്സണായി തീരുമാനിക്കുകയും ചെയ്തു.

**ഇടവകതലം**

എല്ലാ ഇടവകകളിലും വിദ്യാഭ്യാസ ശുശ്രൂഷ സമിതി ജനറൽബോഡി യോഗം എക്സിക്യൂട്ടീവിന്റെ നേതൃത്വത്തിൽ നടന്നു.





# സാമൂഹ്യശുശ്രൂഷ

**നീതിസമാധാന വികസന കമ്മീഷൻ:**

9-2-19 സോഷ്യൽ ആക്ഷൻ മിനിസ്ട്രിയുടെ രൂപതാതല ഗവേണിംഗ് ബോഡി ഇലക്ഷൻ നടത്തി ഭാരവാഹികളെ തെരഞ്ഞെടുത്തു. രൂപതാ റ്റിഎസ്എസ്എസ് എക്സിക്യൂട്ടീവ് സെക്രട്ടറി റവ.ഫാ.ലെനിൻരാജ് സാമൂഹ്യശുശ്രൂഷയുടെ ലക്ഷ്യം, ദർശനം, ദൗത്യം എന്നിവയുടെ അവബോധം നല്കി. 9 ഫെറോനയിൽ നിന്നും സാമൂഹ്യശുശ്രൂഷ ഫെറോന എക്സിക്യൂട്ടീവ് അംഗങ്ങൾ പ്രസ്തുത ഇലക്ഷനിൽ പങ്കെടുത്തു.

ഏഴ് ഫെറോനയിൽ ഫെറോന സാമൂഹ്യശുശ്രൂഷ എക്സിക്യൂട്ടീവ് യോഗം നടന്നു. പ്ലാൻ & ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നല്കി.

2-2-19 പുല്ലുവിള ഫെറോന ജനറൽബോഡി യോഗം നടന്നു. ഫെറോന സാമൂഹ്യശുശ്രൂഷ എക്സിക്യൂട്ടീവ് ഭാരവാഹികളെ ഇലക്ഷൻ നടത്തി തെരഞ്ഞെടുക്കുകയും സാമൂഹ്യശുശ്രൂഷ പ്രവർത്തനങ്ങളുടെ ക്ലാസ്സ് നൽകുകയും ചെയ്തു.

24-2-19-ന് പേട്ട ഫെറോന സമിതിയോഗം നടത്തുന്നതിനും പ്ലാൻ & ബഡിജറ്റ് തയ്യാറാക്കുന്നതിനുള്ള ക്ലാസ്സ് നൽകുവാനും ധാരണയായി.

ഫെറോന പ്രവർത്തകരുടെ പ്രതിമാസ യോഗം 6/6 ഫെറോനയിൽ നടന്നു. സാമൂഹ്യശുശ്രൂഷ ഇടവകാതല യോഗങ്ങളിൽ പ്ലാൻ & ബഡ്ജറ്റ് ചർച്ച ചെയ്തു കരടുരേഖ തയ്യാറാക്കുന്ന കാര്യം തീരുമാനിക്കുകയും ചെയ്തു.

എസ്എച്ച്ജി ഫെറോന ഫെഡറേഷൻ യോഗം 9/9 ഫെറോനയിലും നടന്നു. യോഗത്തിൽ മാർച്ച്മാസം വനിതാദിനം ആഘോഷിക്കുന്നകാര്യം ചർച്ചചെയ്തു തീരുമാനിച്ചു.

അഞ്ചുതെങ്ങ് ഫെറോന എസ്എച്ച്ജി യോഗത്തിൽ ലിംഗസമത്വം എന്ന വിഷയത്തിൽ ക്ലാസ്സ് നടന്നു.

ഇടവകാതല എസ്എച്ച്ജി ഫെഡറേഷൻ യോഗങ്ങൾ 7/7 ഫെറോനയിൽ നടന്നു.

അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിന്റെ ഭാഗമായി രൂപതയുടെ ധനസഹായത്തോടെ നടന്നുവരുന്ന ഭവനപുനരുദ്ധാരണത്തിന്റെ അവസാന ഗഡുതുക ഭവനത്തിന്റെ പണി പൂർത്തിയായ ഗുണഭോക്താക്കൾക്ക് 25,000 രൂപ വീതം വിതരണം ചെയ്തു.

എസ്എഫ്പി, കാരുണ്യപൂർവ്വം പദ്ധതിയുടെ ഗുണഭോക്താക്കളുടെ ഭവനസന്ദർശനം, സ്വയംതൊഴിൽ പുരോഗതി വിലയിരുത്തൽ, ക്യാഷ് പിൻവലിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ നടന്നു. കാരുണ്യപൂർവ്വം പദ്ധതിയിൽ വിവിധ ഫെറോനയിലെ ഇടവകയിൽ നിന്നും പുതിയ അപേക്ഷകൾ രൂപതയിൽ ആനിമേറ്ററിന്റെ നേതൃത്വത്തിൽ എത്തിച്ചു.

**തൊഴിൽകാര്യ കമ്മീഷൻ**

കെഎൽഎം ഫെറോനതല യോഗങ്ങൾ നടന്നു. കെഎൽഎം ഇടവകാതലയോഗങ്ങൾ നടന്നു. യോഗത്തിൽ നിക്ഷേപസമാഹരണം നിക്ഷേപത്തിൽ നിന്നും ലോൺ നൽകൽ ലോൺ തിരിച്ചടവ് എന്നിവയും നടന്നു.

കെഎൽഎം ഫോറത്തിലെ അംഗങ്ങൾക്ക് കോഴിക്കുഞ്ഞ് നൽകുന്നതിനുള്ള ലിസ്റ്റ് കളക്ട് ചെയ്ത് ആനിമേറ്റർമാർ രൂപതയിൽ എത്തിച്ചു. രൂപതാ വിഹിതം 50% ഗുണഭോക്തൃവിഹിതം 50% എന്ന ക്രമത്തിൽ പേട്ട, പാളയം ഫെറോനയിൽ മാർച്ച് മാസം നൽകുവാൻ തീരുമാനിച്ചു. 24-2-ന് പുല്ലുവിള ഫെറോനയിൽ കോഴിക്കുഞ്ഞ് വിതരണം ചെയ്തു.

അഞ്ചുതെങ്ങ് ഫെറോനയിൽ ഡ്രൈവേഴ്സ് ഫോറം





രൂപീകരിച്ചു. പുല്ലുവിള ഫെറോനയിൽ പരുത്തിയൂർ ഇടവകയിൽ തയ്യൽ തൊഴിലാളിഫോറം, നമ്പ്യാതി ഇടവകയിൽ കെട്ടിട നിർമ്മാണ തൊഴിലാളിഫോറവും രൂപീകരിച്ചു.

**ആരോഗ്യകാര്യ കമ്മീഷൻ**

പേട്ട ഫെറോനയിൽ 17/2 പുഷ്പഗിരി ഇടവകയിലെ 31 അംഗങ്ങൾക്ക് ക്യാൻസർ ബോധവൽക്കരണ ക്ലാസ്സ് ഡോ.ശോഭാമാത്യു നല്കി.

ക്യാൻസർ ദിനാചരണത്തിന്റെ ഭാഗമായി 9-2-19-ൽ രൂപതാ റ്റിഎസ്എസ്എസ് ഗോൾഡൻ ജൂബിലി ഹാളിൽവച്ച് വിവിധ ഫെറോനയിലെ 74 സ്ത്രീകളുടെ കേശദാനം നടന്നു. ക്യാൻസർരോഗികൾക്ക് കേശദാനം നല്കുന്ന പ്രോഗ്രാം തിരുവനന്തപുരം അതിരൂപതാ മെത്രാപ്പോലിത്ത റൈറ്റ്.റവ.ഡോ. സൂസപാക്യം പിതാവിന്റെ ഉദ്ഘാടനത്തോടെ നടന്നു. പേട്ട ഫെറോനയിലെ കുന്നിൻപുറം ഇടവകയിൽനിന്നും കേശദിനം ചെയ്ത ഒരു +2 വിദ്യാർത്ഥിനിയെ ഇടവകാ സോഷ്യൽ ആക്ഷൻ മിനിസ്ട്രിയുടെ നേതൃത്വത്തിൽ 1500/-രൂപ ക്യാഷ് അവാർഡ് നല്കി ആദരിച്ചു.

16-2-19 - പുല്ലുവിള ഫെറോന നാഷണൽ എംപ്ലോയ്മെന്റ് സെന്ററിലെ കൈവല്യ പദ്ധതിയുടെ ഭാഗമായി സ്വയം തൊഴിൽ പരിപോഷിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഭിന്നശേഷിക്കാരായ കുട്ടികളുടെ രക്ഷിതാക്കൾക്ക് റവ.ഫാ.അഗസ്റ്റിൻ ജോണിന്റെ ഉദ്ഘാടനത്തോടെ സ്വയം തൊഴിൽ പരിശീലനം നല്കി.

അഞ്ചുതെങ്ങ് ഫെറോനയിൽ മുങ്ങോട് ഇടവകയിൽ കിടപ്പുരോഗീസന്ദർശനവും 7 രോഗികൾക്ക് ധനസഹായവും നല്കി. എല്ലാ ഫെറോനയിലെയും ആനിമേറ്റർമാർ ഭിന്നശേഷിക്കാരായ കുട്ടികളുടെ ഭവനങ്ങൾ സന്ദർശിച്ച് കുട്ടികളുടെ പഠനപുരോഗതി ആരോഗ്യപരിരക്ഷ എന്നിവ ഉറപ്പുവരുത്തി.

പള്ളം ഫെറോനയിലെ തൈക്കാട് ഇടവകയിൽ വയോമിത്രം ക്യാമ്പ് നടന്നു.

**സ്ത്രീകളും കുട്ടികളും കമ്മീഷൻ**

സ്ത്രീശാക്തീകരണത്തിന്റെ ഭാഗമായി പുല്ലുവിള ഫെറോനയിൽ പൂവാർ ഇടവകയിൽ റവ.ഫാ.ജോർജ്ജ് ഗോമസിന്റെ അദ്ധ്യക്ഷതയിൽ പുതിയ പ്രോജക്ട് ഉദ്ഘാടനം ചെയ്തു. വിവിധ ഫെറോനയിൽ വിധവാഫോറം യോഗങ്ങൾ നടന്നു.

ചൈൽഡ് പാർലമെന്റ് യോഗങ്ങൾ ഇടവകാതലത്തിൽ നടന്നു. കോവളം ഫെറോനയിൽ മോക്ക് പാർലമെന്റ് യോഗം നടന്നു. സപ്ലിമെന്ററി, നഴ്സറി പ്രവർത്തനങ്ങൾ നടന്നു. പള്ളം നഴ്സറി കുട്ടികൾക്കായി വിനോദയാത്ര സംഘടിപ്പിച്ചു. പേട്ട ഫെറോനയിൽ മൺവിള ഇടവകയിലെ ചൈൽഡ് പാർലമെന്റ് കുട്ടികൾക്ക് ട്രാഫിക് നിയമം ക്ലാസ്സ് നടന്നു.

**മദ്യവർജ്ജനവും പരിസ്ഥിതി സംരക്ഷണവും കമ്മീഷൻ**

15-2-19-പേട്ട ഫെറോനയിൽ മുട്ടട സെന്റ് ജോസഫ് സീനിയർ സെക്കന്ററി സ്ക്കൂളിലെ 7, 8 ക്ലാസ്സിലെ 67 വിദ്യാർത്ഥികൾക്ക് ലഹരിവസ്തുക്കളുടെ ദൂഷ്യവശങ്ങളുടെ ബോധവത്ക്കരണ ക്ലാസ്സ് സംഘടിപ്പിച്ചു.

അഞ്ചുതെങ്ങ്, കോവളം എന്നീ ഫെറോനയിൽ എ.എ ഗ്രൂപ്പ് യോഗം നടന്നു.

അഞ്ചുതെങ്ങ് ഫെറോനയിൽ നിന്നും ഈ മാസം മുക്തിധ്യാനത്തിൽ 20 അംഗങ്ങൾ പങ്കെടുത്തു. പുല്ലുവിള ഫെറോനയിൽ നിന്നും 8 അംഗങ്ങൾ പങ്കെടുത്തു.

പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി പുല്ലുവിള ഫെറോനയിൽ ദുരന്തനിവാരണ അതോരിറ്റിയുടെ





സഹായത്തോടെ അടിമലത്തുറ മുതൽ പൊഴിയൂർ വരെയുള്ള തീരപ്രദേശങ്ങളിൽ വരാൻ സാധ്യതയുള്ള ദുരന്തങ്ങളെകുറിച്ചുള്ള പഠനം നടന്നു.

അഞ്ചുതെങ്ങ് ഫെറോനയിൽ മാമ്പള്ളി ഇടവകയിൽ ക്ലീനിംഗ് പ്രോഗ്രാം നടന്നു. പ്ലാസ്റ്റിക് നിർമ്മാർജ്ജന പ്രവർത്തനങ്ങൾ പഞ്ചായത്തിന്റെ സഹകരണത്തോടെ കാര്യക്ഷമമായി നടന്നുവരുന്നു.

**പ്രവാസികാര്യ കമ്മീഷൻ**: അഞ്ചുതെങ്ങ് ഫെറോനയിൽ പ്രവാസിക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായി ഇടവകാതലത്തിൽ തെരഞ്ഞെടുത്തുന്ന പ്രവാസികാര്യക്ഷേമ എക്സിക്യൂട്ടീവ് അംഗങ്ങൾക്ക് ബോധവത്ക്കരണ ക്ലാസ് നടന്നു.

പേട്ട ഫെറോനയിൽ പോങ്ങുംമൂട് ഇടവകയിലെ പ്രവാസി കുടുംബങ്ങളുടെ ലിസ്റ്റ് സാമൂഹ്യശുശ്രൂഷ എക്സിക്യൂട്ടീവ് അംഗങ്ങളുടെ നേതൃത്വത്തിൽ കളക്ട് ചെയ്തു.

9-2-19 രൂപതാ റ്റിഎസ്എസ്എസ്സിന്റെ നേതൃത്വത്തിൽ വെള്ളയമ്പലം റ്റിഎസ്എസ്എസ് ഗോൾഡൻ ജൂബിലി മെമ്മോറിയൽ ഹാളിൽ വച്ച് അതിരൂപതാ സഹായമെത്രാൻ റൈറ്റ്.റവ.ക്രിസ്തുദാസ് പിതാവിന്റെ ഉദ്ഘാടനത്തോടെ 'ഗർഷോം' എന്ന പേരിൽ അതിരൂപതാ പ്രവാസി ഡസ്ക്ക് രൂപീകരിച്ചു. ഇടവകാതലത്തിൽ സാമൂഹ്യശുശ്രൂഷ എക്സിക്യൂട്ടീവ് അംഗങ്ങളായി തെരഞ്ഞെടുക്കപ്പെട്ട പ്രാവാസികാര്യകമ്മീഷൻ അംഗങ്ങൾ പ്രസ്തുത പ്രോഗ്രാമിൽ പങ്കെടുത്തു. അതിരൂപതാ പ്രവാസികാര്യ എക്സിക്യൂട്ടീവ് സെക്രട്ടറി റവ.ഫാ.ജോൺഡാൾ പ്രോഗ്രാമിന് നേതൃത്വം വഹിച്ചു.

# മത്സ്യമേഖല ശുശ്രൂഷ

**ഫെറോനയോഗം** - 25-ാം തീയതി വലിയതുറ, 10-ാം തീയതി തൂത്തൂർ, 23-ാം കോവളം, 24-ാം തീയതി പുതുക്കുറിച്ചി, എന്നീ ഫെറോനകളിൽ മത്സ്യമേഖലശുശ്രൂഷ ഫെറോന യോഗം കൂടി.

**ഫെറോന ജനറൽ ബോഡിയോഗം** - 3-ാം തീയതി വലിയതുറ, 24-ാം തീയതി പുതുക്കുറിച്ചി, 17-ാം തീയതി തൂത്തൂർ എന്നീ ഫെറോനകളിൽ ജനറൽ ബോഡിയോഗം കൂടി. ഫെറോന വികാരിമാരുടെയും ഫെറോന കോർഡിനേറ്റേഴ്സിന്റെയും നേതൃത്വത്തിൽകൂടിയ യോഗത്തിൽ ഡയറക്ടർ ഫാ.ഷാജിൻ ജോസ് മത്സ്യമേഖലയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളെക്കുറിച്ച് ക്ലാസ്സ് നൽകി. ഫെറോന ഭാരവാഹികളെ തിരഞ്ഞെടുത്തു.

**ഫെറേന ഭരണസമിതി യോഗം**

23-ാം തീയതി കോവളം, 24-ാം തീയതി പുതുക്കുറിച്ചി, 25-ാം തീയതി വലിയതുറ എന്നീ ഫെറോനകളിൽ ഫെറോന വികാരിമാരുടെയും ഫെറോന കോർഡിനേറ്റർമാരുടെയും സാന്നിദ്ധ്യത്തിൽ ഭരണസമിതി യോഗം കൂടി 10,8,10 എന്നീ ക്രമത്തിൽ അംഗങ്ങൾ പങ്കെടുത്തു.

**യൂണിറ്റ് യോഗങ്ങൾ**

അഞ്ചുതെങ്ങ് 7 (2), പുതുക്കുറിച്ചി 5, വലിയതുറ 8(5) കോവളം 4 (4), പുല്ലുവിള 8 (2) എന്നീക്രമത്തിൽ ഇടവക വികാരിമാരുടെ സാന്നിദ്ധ്യത്തിൽ യോഗം കൂടി.

**TMFമീറ്റിംഗ്**

ഫെറോന യോഗം 24-ാം തീയതി വലിയതുറ ഫെറോന യോഗം കൂടി. ഫെറോന കോർഡിനേറ്റർ യോഗത്തിൽ പങ്കെടുത്തു 7 അംഗങ്ങൾ പങ്കെടുത്തു.





**ഇടവകതല TMF യോഗങ്ങൾ**

പുതുക്കുറിച്ചി ഫെറോനയിലെ TMFയോഗങ്ങൾ 4 (4) നടന്നു, വലിയതുറ ഫെറോനയിൽ 4(1) നടന്നു.തൂത്തൂർ 2(2) എന്നീ ക്രമത്തിൽ യൂണിറ്റ് യോഗങ്ങൾ നടന്നു.

**മത്സ്യക്കച്ചവട സ്ത്രീഫോറം ഫെറോനയോഗം**

6 ഫെറോനകളിലും ഫെറോയോഗം നടന്നു.

**യൂണിറ്റ് യോഗങ്ങൾ**

പുതുക്കുറിച്ചി 8 (7) നടന്നു, വലിയതുറ 8 (8)യോഗം നടന്നു. കോവളം 4(4) നടന്നു. പുല്ലുവിള 3 യോഗങ്ങൾ നടന്നു. തൂത്തൂർ 8(8) യൂണിറ്റ് യോഗങ്ങൾ അഞ്ചുതെങ്ങ് 15(13) യൂണിറ്റ് യോഗങ്ങൾ നടന്നു.

**ലോൺ വിതരണം**

കോവളം -3 അംഗങ്ങൾക്ക്-45,000 ലോൺ നൽകി.

**ബോധവത്ക്കരണക്ലാസ്സ്**

3,10,17 എന്നീ തീയതികളിൽ വലിയതുറ ഫെറോന, തോപ്പ്, വെട്ടുകാട് എന്നീ യോഗങ്ങളിലും പുതുക്കുറിച്ചി ഫെറോനയിൽ സെന്റ് ആൻഡ്രൂസ് ഇടവകയിലും മത്സ്യമേഖലാ ഡയറക്ടർ റവ. ഫാ.ഷാജിൻജോസ് മത്സ്യമേഖല ശുശ്രൂഷയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളെക്കുറിച്ചും പ്രവർത്തനങ്ങളെക്കുറിച്ചും ക്ലാസ്സ് എടുക്കുകയും അംഗങ്ങളുടെ സംശയത്തിന് മറുപടി നൽകുകയും ചെയ്തു.

8/28/2019 ൽ ഡയറക്ടറിന്റെ അദ്ധ്യക്ഷതയിലും കോർഡിനേറ്ററിന്റ സാന്നിദ്ധ്യത്തിലും പ്രവർത്തനങ്ങളുടെ വിലയിരുത്തൽ നടത്തി.

**മത്സ്യമേഖല വിദ്യാർത്ഥിസമിതി (KMVS)**

തീരദേശ വിദ്യാർത്ഥികളുടെ യാത്രാ ക്ലേശം പരിഹരിക്കുന്നതിനു വേണ്ടി KMVS നൽകിയ നിവേദനത്തിൽ തീരുമാനം ഉണ്ടാകാത്തതിൽ പ്രതിക്ഷേധിച്ച് കേരള മത്സ്യമേഖല വിദ്യാർത്ഥി സമിതി പ്രവർത്തകർ പൂവ്വാർ ഡിപ്പോയിൽ ഫെബ്രുവരി 5 ന് പ്രതിക്ഷേധ മാർച്ച് നടത്തി നൂറ് കണക്കിന് വിദ്യാർത്ഥികൾ പങ്കെടുത്ത മാർച്ച് ഫിഷറീസ് മിന്‌സ്ട്രി ഡയറക്ടർ ഫാ.ഷാജിൻ ജോസ് ഉത്ഘാടനം ചെയ്തു. അധികാരികളുമായി നടത്തിയ ചർച്ചയിൽ ഫെബ്രുവരി 13 മുതൽ സർവ്വീസ് പുനരാരംഭിക്കാൻ തീരുമാനിച്ചു. പ്രസ്തുത സർവ്വീസ് പുനരാരംഭിക്കുന്നതോടു കൂടി തീരദേശ വിദ്യാർത്ഥികളുടെ യാത്രാ ക്ലേശം പരിഹരിക്കാൻ സാധിച്ചു.